3148
3148

ഒരിക്കൽ ഒരിടത്ത്

1686
3148



തിരുവനന്തപുരം

K.P. ABBAS
Chookkal Parambil House
House No XXXVII/1288 D-
P. H. Road
Cochin 682011

V. UMMER
Vazhil House
(P.O) Kuthuparamba.
(Via) Tellicherry.

ചെങ്കോലും ചെന്താമരയും

3148

K.P. ABBAS TXD
Choolakkal Parambil House
P. H. Road.
Cochin 682011

R.S. 1.50

CHENKOLUM CHENTHAMARAYUM

BY
THIRUNAINARKURICHI
MADHAVAN NAIR

1st Impression November 1958.
RIGHTS RESERVED.


PUBLISHED BY
AUTHOR.

Distributors:
PARISHATH BOOK STALL
HOSPITAL ROAD :: ERNAKULAM.

Rs. 1-50

K.P. Abbas
Chodakkal Peedikakal
House
P.H. Road.
Ernakulam

ചെങ്കോലും ചെന്താമരയും



തിരുനയിനാർകുറിച്ചി
മാധവൻനായർ.

വിതരണക്കാർ:

പരിഷത് ബുക്ക്സ്റ്റാൾ
ഹോസ്പിറ്റൽ റോഡ്, എറണാകുളം.

വില—1 രൂ. 50 ന. പൈസ.

ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

നോവലുകൾ

പരിചാരിക
കടമകൾക്കുവേണ്ടി
മായാദേവി
ഗ്രാമസീമ
മാധുരി
സർവ്വസാക്ഷി
നീതിയുടെ മുമ്പിൽ

നാടകങ്ങൾ

പ്രതീകാരം
പ്രതിഫലം
നർത്തകി
മുത്തുമാല
ജയ്ഹിന്ദ്
ഓണക്കോടി

കവിതകൾ

രാഗമുരളി
സഹദേവൻ
പ്രതിമ
പ്രഭാതമാല്യം
കാട്ടിലെക്കരച്ചിൽ
ആത്മശാന്തി

മറ്റിനങ്ങൾ

ജൈത്രയാത്ര
നേതാജി
ഡാക്ടർ ആനിബസന്റ്
കാഥികൻ.
ഉമർഖയ്യാം (അച്ചടിയിൽ)

വേണാട്ടുചരിത്രത്തിന്റെ വെളിച്ചം കാണാതെ കിടന്ന ചില ഉള്ളറകളിലേക്കു നാം കടന്നു ചെല്ലുകയാണ്.

ചിതലും ചിലന്തിയും ഇരുളും ചീറിപ്പിണഞ്ഞു കിടക്കുന്ന ആ ദുർഗ്ഗമമാർഗ്ഗങ്ങളിൽ വളരെ സൂക്ഷിച്ചേ ഓരോ ചുവടും വയ്ക്കാവൂ!

എത്രയെത്ര അനർഘരത്നങ്ങൾ ആ ചേറിൽ പുതഞ്ഞു കിടക്കുന്നു.

ചരിത്രത്തിന്റെ വിലപ്പെട്ട ആ വിശിഷ്ടനിധികൾ സത്യത്തിന്റെ സനാതനപ്രഭ വിശി നയനഗോചരമാകുമ്പോൾ—എന്തെന്തു കാഴ്ചകളാണ് നാം അവിടെക്കാണാനുള്ളത്?

അധികാരദുർമ്മോഹത്തിന്റെ കറുത്ത കൈകൾ ആരുമാരും കാണാതെ ഇരുളും കാലം ഒളിച്ചു സൂക്ഷിച്ചിരുന്ന ആ അനവദ്യനിധികളിൽനിന്ന് ഒരു "ചെങ്കോലിന്റെ കഥ,—" കരിമ്പടി പ്പോടെ ഞാൻ കാഴ്ചവെയ്ക്കട്ടെ—

കവി.

അവതാരിക

"ഉമ്മിണിത്തങ്ക"യുടെ ജീവിതോദന്തംപോലെ കണ്ണുനീരിൽ കുതിർന്ന ഒരു ദുരന്തപ്രേമകഥ വിശ്വസാഹിത്യത്തിൽപോലും വിരളമായേ കാണുകയുള്ളൂ. കേരളചരിത്രത്തിൽ തന്റേതായി ഒരദ്ധ്യായം കുറിച്ചിടാൻ കഴിഞ്ഞ ഒരു മഹാപരാക്രമശാലിയുടെ സാക്ഷാൽ പ്രകൃതിയും വിജയരഹസ്യവും തെളിച്ചുകാട്ടുന്ന വൃത്താന്തമെന്നു നിലയ്ക്ക് അതു നമുക്ക് അത്യന്തം ശ്രദ്ധേയമാണ്. ഔദ്യോഗികപാരതന്ത്ര്യംമൂലം രാജവംശപ്രശസ്തി വർണ്ണിക്കാൻ പ്രേരിതരായ ചരിത്രകാരന്മാർ മനഃപൂർവ്വം ഉപേക്ഷിച്ചുകളഞ്ഞിട്ടും നാട്ടുകാരാൽ വിസ്മരിക്കപ്പെടാതെ, തലമുറകളായി പാടിപ്പോരുന്ന ഗ്രാമീണഗാനങ്ങൾക്ക് വിഷയീഭവിച്ചിട്ടുള്ള ഒരു ദാരുണ സംഭവമാണ് ഉമ്മിണിത്തങ്കയുടെ ആത്മാഹുതി. പ്രേമവഞ്ചനയ്ക്കു രക്തസാക്ഷിയായ ആ രാജനന്ദിനി ആധുനിക സാഹിത്യകാരന്മാരെക്കൂടി ആകർഷിച്ചതിനു ദൃഷ്ടാന്തങ്ങളാണ് "കുഞ്ഞുതമ്പിമാർ" എന്ന നോവലും, "ഉമ്മിണിത്തങ്ക" എന്ന നാടകവും. എന്റെ അറിവിൽപെട്ടിടത്തോളം ഏതദ്വിഷയകമായ തൃതീയകൃതി ഞാനിപ്പോൾ അവതരിപ്പിക്കുന്ന "ചെങ്കോലും ചെന്താമരയും"മാണ്.

ബഹുഭാവസംഘർഷങ്ങളും നിറഞ്ഞ ഇതിവൃത്തത്തിന്റെ സ്വീകാരം കഥാഖ്യാനകാവ്യത്തിന്റെ വിജയത്തിനു ഭദ്രമായ അധിഷ്ഠാനം സൃഷ്ടിക്കുമെങ്കിൽ പ്രസ്തുതകൃതി അക്കാര്യത്തിൽ അതീവധന്യമാകുന്നു. കഥയുടെ ആണിക്കല്ലായിനിൽക്കുന്ന രാജപ്രതിജ്ഞതൊട്ടതന്നെ ഈ വസ്തുത ഉദാഹരിക്കാൻ കഴിയും. കോസലരാജവംശജയായ അഭിരാമയുടെ അനുപമസൗന്ദര്യം സ്വായത്തമാക്ക

ണമെന്നാ വേണാട്ടരചന്റെ അഭിലാഷവും അന്തസ്സുകെട്ട "വെയ്യാട്ടി" ജീവിതത്തിൽ വിമനസ്സുയായ ആ അഭിമാനിനി സമർപ്പിച്ച വ്യവസ്ഥകളും തമ്മിലുണ്ടാകുന്ന സംഘർഷം പരിഹരിക്കാനാണ് പ്രസിദ്ധായക്രമഭേദിയായ പ്രതിജ്ഞയ്ക്ക് രാജാവു സന്നദ്ധനാകുന്നതു്. പക്ഷേ, ഏതൊരു പ്രതിജ്ഞയിന്മേലാണോ ആനന്ദസന്ദായകമായ ഒരു ദാമ്പത്യം കെട്ടിയുയർത്താമെന്നു് ഇരുകക്ഷികളും വ്യാമോഹിച്ചതു്, അതേപ്രതിജ്ഞതന്നെ, വംശദാഹകമായ ദാവാഗ്നിയായി പരിണമിക്കുകയാണുണ്ടായതു്. ആ കാട്ടുതീയ്ക്കു കാരണമായ ഉഗ്രസംഘട്ടനത്തിലെ അന്യോന്യവിരുദ്ധശക്തികളും, ഒരേ വത്സലഹസ്തം കൊണ്ടു ലാളിച്ചുവളർത്തപ്പെട്ട കളിത്തോഴർ—മാർത്താണ്ഡവർമ്മയും തമ്പിമാരും! വിശ്വാസസ്നേഹം മൂർത്ത വിദ്വേഷമായി മാറുന്ന കാഴ്ച! ആ പരിവർത്തനത്തിനു നിദാനമാകട്ടെ, ഇരുകൂട്ടരേയും ഒരുപോലെ കീഴടക്കിക്കളഞ്ഞ രാജ്യലോഭവും അധികാരദാഹവും! രണ്ടുഭാഗത്തും ഉണ്ടായിരുന്നു, തുല്യബലങ്ങളായ ന്യായവാദങ്ങളും പിൻതുണക്കാരും! അന്തരിച്ച രാജാവിന്റെ സത്യത്തിനു അന്തരം വന്നുകൂടെന്നു് തമ്പിമാർ വാദിക്കുമ്പോൾ പ്രഹതാചാരസംരക്ഷകനായി എതിരാളി പ്രതൃക്ഷപ്പെടുന്നു. ലോഭം പകയും ദ്വേഷവും ക്രോധവും ഹിംസയുമായി മുറ്റിയ രൂപഭേദം പ്രാപിക്കുകയാണല്ലോ ലോകസ്വഭാവം. പരിണാമം—ഒരു ശക്തി ജയിച്ചു; മറെറാന്നതോറവ. താമരനൂൽപോലുള്ള പേലവബന്ധങ്ങളേയും വ്യക്തിജീവിതത്തെ സംസ്കരിക്കുന്ന മൃദുലഭാവങ്ങളേയും ആരുമാരും കൂട്ടാക്കിയില്ല. പ്രേമവാത്സല്യസൗഭാഗ്യങ്ങൾ മുറിവേറവ പിടഞ്ഞുവീണ ദീനദീനം വിലപിച്ചിട്ടും ചെങ്കോൽക്കൊതിപൂണ്ട മാർത്താണ്ഡവർമ്മ ആ ആർത്തനാദം ശ്രവിക്കാതെ, താനൊഴുക്കിയ ചോരപ്പുഴയിലൂടെ നിർവ്വിശങ്കം കടന്നുപോയി! തമ്പിമാരുടെ മാർഗ്ഗലക്ഷ്യങ്ങളും വൃതൃസ്തങ്ങളായി

രുന്നു എന്നു പറഞ്ഞുകൂടാ. വിജയശ്രീലാളിതരാകാൻ അവർക്കു കഴിഞ്ഞില്ലെന്നോ ഉള്ളൂ.

പക്ഷേ, മനോഘടനയിലും ജീവിതസങ്കല്പങ്ങളിലും കാമുകനിൽനിന്നും ജ്യേഷ്ഠന്മാരിൽനിന്നും തുലോം വിഭിന്നരായിരുന്നു സ്നേഹമൂർത്തിയായ ഉമ്മിണിത്തങ്ക. വ്യക്തികളും തമ്മിലുള്ള പവിത്ര ബന്ധങ്ങളെ പ്രാണാധികം വിലമതിച്ച ആ മനസ്വിനിക്ക്, സിംഹാസനാരോഹത്തെ പുരസ്കരിച്ചുണ്ടായ സംഘട്ടനങ്ങളും ശ്രദ്ധമേ അർത്ഥശൂന്യമായിത്തോന്നി. മാതാപിതാക്കളെ മാതാപിതാക്കളായതുകൊണ്ടും സഹോദരന്മാരെ സഹോദരന്മാരായതുകൊണ്ടും കാമുകനെ കാമുകനായതുകൊണ്ടും മറവു മേൽവിലാസങ്ങളൊന്നും നോക്കാതെ, അവർ അകമഴിഞ്ഞു സ്നേഹിച്ചു! മാർത്താണ്ഡവർമ്മയുടെ കുലധനപ്രതാപാദികളും കണ്ടു് മതിമയങ്ങിയോ ആ യുവാവു് രാജസ്ഥാനമാളുമ്പോൾ പട്ടമഹിഷീപദവി തട്ടിയെടുക്കാമെന്നു മൻക്രുട്ടിക്കണ്ടോ അല്ല ആ ബാല്യസഹചരനെ ഉമ്മിണിത്തങ്ക ഹൃദയത്തിന്റെ മണിക്കണ്ണികയിൽ വച്ചാരാധിച്ചതു്. ആ വേഴ്ചയിൽ സർവ്വാത്മനാ സന്തുഷ്ടരായിരുന്ന തമ്പിമാർ-സ്വന്തം സഹജാതനെപ്പോലെ മാർത്താണ്ഡവർമ്മയെ സ്നേഹിച്ചിരുന്നവർ, ഒരു ദിവസം തൊട്ടു് ആ ബന്ധത്തെ വെറുത്തു്, ആ കുമാരനെ കൊടിയ ശത്രുവായി പരിഗണിക്കാനും തന്നെ അപരാധിനിയാക്കി ഭർത്സിക്കാനും വധിക്കാനും തയാറാകുന്നതെങ്ങനെ? ആ നെറികേടിനു പുറകിലുള്ള സ്വാർത്ഥപ്രേരണയെ അവർക്കു മാനിക്കുവാൻ കഴിഞ്ഞില്ല. അതുപോലെതന്നെ തമ്പിമാർക്കെതിരായി വീരമാർത്താണ്ഡൻ നടത്തിയ പടപ്പുറപ്പാടു് മനുഷ്യത്വത്തെ ചവിട്ടിമെതിക്കുന്ന ഹീനകർമ്മമെന്നു സങ്കല്പിക്കാൻ സാധിച്ചുള്ളൂ. സ്നേഹത്തിനുവേണ്ടി ജീവൻ ബലികഴിക്കാൻപോലും മടിക്കാത്ത ഉമ്മിണിത്തങ്ക അന്യരുടെ സ്നേഹശക്തിയിലും അന്ധമായി

വിശ്വസിച്ചു. രാജകുമാരന്റെ പ്രണയം അവ്യാജസുന്ദരമാണെന്നു സുദൃഢബോധം അവൾ നെടുനാൾ വച്ചു പുലർത്തി. ഉദ്ദേശിത പ്രാപ്തിയെ ലക്ഷീകരിച്ചു് കൊട്ടാരത്തിനുള്ളിൽ കടന്നുകൂടിയ എതിരാളിയെ സംഹരിക്കാൻ ചാടിവീഴുന്ന ജ്യേഷ്ഠന്മാരുടെ വാൾത്തലയ്ക്കിരയായാൽപ്പോലും വിശുദ്ധപ്രേമസമ്പന്നനായ മനുഷ്യൻ ഹിംസിക്കപ്പെടരുതെന്നായിരുന്നു അവളുടെ അഭിലാഷം! അവൾ അങ്ങനെ ആഗ്രഹിക്കാതിരുന്നുവെങ്കിൽ, വംശവല്ലരിയായ ഏകസഹോദരിയുടെ പ്രാണദാനപ്രവണത കണ്ടു് തമ്പിമാരുടെ മനസ്സു് കുലുങ്ങാതിരുന്നുവെങ്കിൽ, വേണാടിന്റേയും ഒരു പക്ഷേ, കേരളത്തിന്റെതന്നെയും ചരിത്രം മാറിപ്പോകുമായിരുന്നു! പക്ഷേ, എന്തായിരുന്നു ആ പ്രേമചോദിത ത്യാഗത്തിനു ലഭിച്ച പ്രതിഫലം? തന്റെ കുടുംബം മുഴുവനോടെ തകർന്നു, നാശകൂപത്തിൽ നിപതിക്കുക! വാത്സല്യനിധികളായ ജ്യേഷ്ഠന്മാരും മാതുലനുമെല്ലാം അന്നു താൻ ജീവൻ കൊടുത്തനുഗ്രഹിച്ച കമിതാവിന്റെ നിഷ്ഠുരഹസ്തംകൊണ്ടു് കൊല്ലപ്പെടുക! പുത്രശോകത്തിൽ വെന്തുനീറി വൃദ്ധമാതാവു് ചത്തടിയുക! അന്യഥാ പറഞ്ഞാൽ, സ്നേഹഭാജനങ്ങളായ സർവ്വബന്ധുക്കളുടേയും ദാരുണോദ്ധരന്തത്തിനു്, സൗഹാർദ്ദവും ശാന്തിയും ആനന്ദവും കുടുംബത്തിൽ പുനഃപ്രതിഷ്ഠിക്കാൻ സമസ്തശക്തികളും പ്രയോഗിച്ചു പ്രയത്നിച്ച ആ സ്നേഹശാലിനിതന്നെ കാരണക്കാരിയാവുക! ഹാ! എന്തൊരു വൈചിത്ര്യമാണതു്! ഭാവസംഘർഷത്തിന്റെ പരകോടിനാം ഇവിടെ കണ്ടുപോകുന്നു! അത്രമാത്രമോ, ഏതൊന്നിനെ പ്രാണാധാരമായി, അഖിലോത്തരമായ ജീവിതലക്ഷ്യമായി ചിരകാലം കാത്തുസൂക്ഷിച്ചുവോ, ആ പ്രേമത്തെ, കാട്ടാളൻ ഇരയെ പിടിക്കാൻ കെട്ടുന്ന വലപോലെ മാത്രമാണു് തന്റെ കാമുകൻ എടുത്തു പെരുമാറിയതെന്നു് ആ നിർമ്മലപ്രകൃതിക്കു് അനുഭവപ്പെട്ട

കയും കൂടി ആയാൽ— വെളിച്ചത്തിന്റെ ഏറ്റവും നേർത്ത ഇഴയുടെ നിഴൽപോലും കലരാത്ത കുറ്റാക്കുറ്റിരുട്ടല്ലാതെ മറ്റെന്താകും ആ ജീവിതം!

ഇങ്ങനെ, പ്രകൃത്യാ ഭാവനിർഭരവും സംഘർഷാത്മകങ്ങളായ സന്ദർഭങ്ങൾ കൊണ്ടു സമ്മോഹനവുമായ ഒരു ഇതിവൃത്തമാണ് ശ്രീ മാധവൻനായർ കൈകാര്യം ചെയ്യുന്നതു്. കഥാസംവിധാനത്തിൽ അദ്ദേഹം ആകർഷകങ്ങളായ ചിലനൂതന സരണികൾ സൃഷ്ടിക്കുന്നു. സംഭാഷണരൂപത്തിലുള്ള ഒരാമുഖത്തിലൂടെയാണ് കവി നമ്മെ കഥാസൗധത്തിന്റെ പൂമുഖത്തെത്തിക്കുന്നതു്. ചില ചലച്ചിത്രങ്ങളിലും ചുരുക്കം ചിലനാടകങ്ങളിലും കാണാവുള്ള ഒരുസമ്പ്രദായം—ഇതിവൃത്തത്തിന്റെ വിവിധ ഘടകങ്ങളെ കൂട്ടിയിണക്കുന്ന കാലശൃംഖലയെ അധരോത്തരമായിപ്പിടിച്ചു്, വർത്തമാനത്തിൽ നിന്നും ഭൂതത്തിലേക്കു സഞ്ചരിക്കുന്ന ആരീതി, അദ്ദേഹം അവലംബിച്ചിട്ടുള്ളതു് ഏറ്റവും ആവർജ്ജകമായിട്ടുണ്ടു്. "അറിയപ്പെടുന്ന ഓരോ യക്ഷിയുടേയും പിറകിൽ ശോകസങ്കലിതവും ത്യാഗപൂർണ്ണവുമായ ഓരോ കഥകളുണ്ടെന്നും, "ചതിക്കും ക്രൂരയ്ക്കുമെതിർനിന്നു്, നാട്ടിനും വീട്ടിനുംവേണ്ടി ആത്മത്യാഗം നിർവ്വഹിച്ച എത്രയോ വീരവനിതകളുടെ സ്മാരകങ്ങൾ പില്ക്കാലത്തു യക്ഷിപ്പറമ്പുകളായി മാറിയിട്ടുണ്ടെന്നും മേലാകോട്ടയക്ഷി ഉമ്മിണിത്തങ്കയുടെ ആത്മബലിക്കു് സ്മാരകമാണെന്നുമുള്ള പ്രസ്താവങ്ങൾ സത്യനിഷ്ഠങ്ങളും ചരിത്രകാരന്റെ സഹകാര്യങ്ങളുമാണോ എന്നാരിഞ്ഞുകൂടാ. ചിരകാലപ്രവൃത്തങ്ങളായ ബഹുജനധാരണകളേയും ഐതിഹ്യങ്ങളേയും ഒരുപക്ഷേ ആ അഭിപ്രായത്തിനു് ഉപോൽബലകങ്ങളായി ചൂണ്ടിക്കാട്ടാനുണ്ടാവാം. അതെങ്ങനെയായാലും, കാവൃത്തിലെ യക്ഷികഥാപരാമർശം ഇതിവൃത്തത്തിൽ ചാർത്തുന്ന അത്ഭുതരസപരിവേഷം കലാമർമ്മജ്ഞത

യ്ക്കതികഞ്ഞ തെളിവുതന്നെയാണ്. സഹൃദയനെ സംബന്ധിച്ചിടത്തോളം, ആസത്യമാണല്ലോ പരമമായി പരിഗണിക്കേണ്ടതു്. ഇന്നത്തേതിൽനിന്നു പലപ്രകാരത്തിൽ വിഭിന്നമായ ഭൂതകാലാന്തരീക്ഷത്തിന്റെ അസാധാരണതയുമായി വായനക്കാരന്റെ ഹൃദയത്തെ ബന്ധിക്കുന്നതിനും ശോകോദഞ്ചിതമായ ഒരു പ്രേമപൂരാവൃത്തത്തിനു് അനുഗുണമായ നിറപ്പകിട്ടു നൽകുന്നതിനും പര്യാപ്തമാണു് ആ ഭാവന! കഥാനായികയുടെ സ്നിഗ്ധാസുന്ദരമായ ആത്മാവിനേയും അധികാരമോഹാന്ധനായ മാത്താണ്ഡവമ്മയുടെ പ്രണയകാപട്യത്തേയും വ്യഞ്ജിപ്പിക്കുന്ന ഏതാനും രംഗങ്ങൾ മാത്രം കവി ഔചിത്യപൂർവ്വം തിരഞ്ഞെടുത്തു് പ്രദർശിപ്പിക്കുന്നു. തമ്പിമാരും യുവരാജാവും തമ്മിൽ നടന്ന അവകാശവാദങ്ങളും തുടർന്നുണ്ടായ കലാപങ്ങളും ഏറെമുട്ടലുകളുമെല്ലാം വിസ്തരിച്ചു വർണ്ണിക്കാതെ ഏതാനും വിദഗ്ധാസൂചനകൾ മുഖേന ആവിഷ്കരിക്കുന്നതേയുള്ളൂ. പ്രിയപ്പെട്ടതും വിലപ്പെട്ടതുമായി സങ്കല്പിച്ചിരുന്നതെല്ലാം നശിച്ചുടിഞ്ഞു്, ശൂന്യത്വമായ ശ്മശാനത്തിന്റെ പര്യായമായിത്തീർന്ന ഉമ്മിണിത്തങ്കയുടെ മുമ്പിൽ, ആമുട്ടകാട്ടു സൃഷ്ടിച്ച അശുഹൃദയൻ അവസാനമായി പ്രവേശിക്കുന്ന ഘട്ടത്തിൽ അദമ്യവും ഉൽക്കടവുമായ വികാരഭാരത്തോടെ ആവീരനായിക പറയുന്ന നിശിതദീപ്തങ്ങളായ വാക്യങ്ങളിൽ കാവ്യവൃത്തിന്റെ അന്തർഭാവം സമഗ്രമായി വ്യാഖ്യാനിക്കപ്പെടുന്നു!

പ്രസ്തുത കൃതിയിലെ ത്രപശില്പപ്രകൃതിയിലേയ്ക്കു കണ്ണോടിച്ചപ്പോൾ കണ്ട ചില വസ്തുതകളാണു് ഞാൻ ഇവിടെ എടുത്തു പറഞ്ഞതു്. ശ്രീ മാധവൻനായരുടെ രചനാസമ്പ്രദായത്തെക്കുറിച്ചു കൂടി ഒരു വാക്കു്. ഈ കൃതിയിലെ കല്പനകളിൽ ഏറിയകൂറും മൗലികങ്ങളോ അനന്യലബ്ധങ്ങളോ ആണെന്നു പറഞ്ഞുകൂടാ. പക്ഷേ, പുനഃപ്രയുക്താശയങ്ങളെ സമാകർഷകമായി അവതരി

പ്പിക്കുവാൻ കവിക്കു വേണ്ടുവോളം പ്രാഗത്ഭ്യമുണ്ട്. പ്രതിപാദ്യത്തിന്റെ നാടകീയഭാവത്താൽ ആകൃഷ്ടനായ കവി തന്റെ കൃതിയിൽ ആ ഭാവത്തിന്റെ സമഗ്രപ്രകാശനം പരമോദ്ദേശ്യമായിക്കരുതുന്നതുകൊണ്ടാകാം നൂതനങ്ങളായ ഉല്ലേഖങ്ങളും കല്പനകളും അണിനിരത്തുവാൻ ഉദ്യുക്തനാവാത്തതു്. വ്യംഗ്യവൈശിഷ്ട്യത്തേക്കാൾ വാച്യവാചകചാരുത്വമാണു് ഈ ഖണ്ഡകാവ്യത്തിൽ പ്രകാശിക്കുന്നതു്. അയത്നലളിതവും അവക്രസുന്ദരവുമായ ആഖ്യാനരീതി മാധവൻനായരുടെ കവിതയ്ക്കുള്ള സവിശേഷധർമ്മമാണെന്നു് ഗ്രന്ഥത്തിലെ ഏതു ഭാഗവും സമർത്ഥിക്കുന്നുണ്ടു്. ആദ്യന്തം ശ്രവണസുഭഗവും പ്രസാദഭരിതവുമായ ആ കവിതാവാഹിനി അവിച്ഛിന്നധാരയായി ഒഴുകുമ്പോൾ, തികച്ചും ആലോചനാമൃതമായിരുന്നാലേ സാഹിത്യം രസിച്ചുകൂട്ടൂ എന്നു നിർബ്ബന്ധംപിടിച്ചിരിക്കുന്നവർപോലും, തന്നെത്താനറിയാതെ അതിൽ മുഴുകിപ്പോകും. സംഗീതഗുണാത്മികയായ സാഹിത്യമാണു് ശ്രീ മാധവൻനായർ സൃഷ്ടിക്കുന്നതെന്നു ചുരുക്കം. സാഹിത്യത്തിന്റെ ആശയപ്രകാശനശക്തിയേയും ഭാവാവിഷ്കരണനൈപുണിയേയും അനാദരിക്കാതെതന്നെ ആ സൃഷ്ടി നിർവ്വഹിച്ചിട്ടുള്ള ഭാഗങ്ങളും ഈ ഗ്രന്ഥത്തിൽ കുറവല്ല.

"വേമ്പടിവംശം വിരുന്തൂട്ടിനൽകിയ
വീര്യമക്കൈകളിൽ ശേഷിച്ചതില്ലയോ?
അഷ്ടഗേഹേശർതൻ കട്ടിക്കട്ടംചോര
വറിയുണങ്ങാത്ത വാളുകയ്യിലില്ലയോ?
വന്മരംവെട്ടിയ വാളിന്നൊരുമല്ല—
വല്ലിക്കുരുന്നു തടസ്സുമായ് നിൽക്കുമോ?
വെട്ടണ,മങ്ങൻ കഴുത്തില,ച്ചെന്നിണം
പട്ടമഹിഷിക്കു പട്ടായിമാറണം!"

എന്നു ഒരു ദൃഷ്ടാന്തംകുറിച്ചിട്ടു ഞാൻ തൃപ്തിപ്പെടുന്നു.

ശബ്ദഭംഗിയും അർത്ഥഭംഗിയും ക്ലേശലേശം കൂടാതെ പരസ്പരം കെട്ടിപ്പുണരുന്ന ഈ രീതി കാവ്യത്തിൽ ഉടനീളം പുലർത്താൻ കഴിഞ്ഞെങ്കിൽ എന്നു ഞാൻ ആശിക്കുന്നു. അതിനു തടസ്സമായി ഞാൻ കാണുന്നതു് അദ്ദേഹത്തിന്റെ അതിരറ്റ ഗാനലോലുപത്വമാണു്. സംഗീതസാഹിത്യങ്ങൾ എത്രമാത്രം പരസ്പരാശ്രയികളായിരുന്നാൽപോലും അവയുടെ അതിർവരമ്പുകൾ കാത്തുസൂക്ഷിക്കപ്പെടണമല്ലോ

നമ്മുടെ കഥാഖ്യാനകവിതാപ്രസ്ഥാനം പ്രക്ഷീണമായിവരുന്ന കാലഘട്ടമാണിതു്. ചുരുക്കം ചില ഉദാഹരണങ്ങളൊഴിച്ചാൽ, ഒരു നൂറ്റാണ്ടിലധികം നീണ്ടുനിൽക്കുന്ന കഥാഖ്യാനങ്ങൾ കാവ്യലോകത്തിൽ കണ്ടിട്ടു കാലം കുറച്ചേറെയായി. കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ കണ്ടുപിടിച്ചു്, നാടകം, കവിത, നോവൽ, ചെറുകഥ തുടങ്ങിയ ഏതെങ്കിലും സാഹിത്യപ്രസ്ഥാനത്തിലൂടെ കലാസുഗേമായി ആവിഷ്കരിക്കുന്നതിനു് ശ്രമിച്ച "സാമൂഹ്യ"വാദികളായ എഴുത്തുകാർ പലരുണ്ടായി മടികാണിച്ചുകൊണ്ടിരിക്കുകയാണു്. ഈ അവശ്യം പരിഹരിക്കേണ്ട കുറവുകൾ നീക്കുന്നതിനു് "ചെങ്കോലും ചെന്താമരയും" പോലുള്ള കൃതികൾ തുടരെയുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് ശ്രീ മാധവൻനായരുടെ ഈ ഖണ്ഡകൃതി സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

നന്ദനം,
തിരുവനന്തപുരം.

എൻ. കുഞ്ഞുപിള്ള എം. എ.
(ഒപ്പു്.)

ആ രംഗത്തേയ്ക്ക്.....!

വണ്ടത്തെ പല പടയോട്ടങ്ങൾക്കും സാക്ഷ്യം വഹിച്ചിരുന്ന പത്മനാഭപുരം നെടുങ്കോട്ടയുടെ തെക്കുഭാഗം അതിവിശാലമായ പാടമാണ്. കിഴക്ക് നീണ്ടുയർന്നു നില്ക്കുന്ന വേളിമല—വടക്ക് ചരിത്രപ്രസിദ്ധമായ പത്മനാഭപുരം കൊട്ടാരം—അങ്ങിങ്ങു കായൽ മധ്യത്തിലെ പൊതുരുത്തുകൾപോലെ ഏതാനും ജനവാസകേന്ദ്രങ്ങളൊഴിച്ചാൽ ആകെക്കൂടെ കൃഷിഭൂമികൾതന്നെ. വിജനവും വിശാലവുമായ ആ പാടത്തിന്റെ മധ്യത്തുകൂടെ ഞങ്ങൾ നടന്നതണുപ്പുകൂടിയ ഒരു മലങ്കാറ്റ് ഞങ്ങളെ തഴുകിക്കൊണ്ടിരുന്നു.

പെൻകയറിയത് ഒരു ദേവാലയത്തിന്റെ മുറ്റത്താണ്. ദേവാലയമെന്നു പറഞ്ഞപ്പോൾ ദിവ്യാനുഭൂതികളുടെ ഉറവിടമായ ഒരു പരിശുദ്ധസങ്കേതമാണെന്ന് കരുതേണ്ട. മണ്ണിന്റെ മക്കളുടെ ആരാധനാകേന്ദ്രമായ ഒരു യക്ഷിപ്പുറ്റ്. തൊട്ടു കിഴക്കുവശത്തു് ഒരു ആൽത്തറയും ഗോപുരവും, അതൊരു ശിവക്ഷേത്രമാണ്. യക്ഷിപ്പുറ്റിന്റെ സ്ഥിതി ഒന്നു പ്രത്യേകമാണ്. എത്ര ഭയങ്കരമായ രൂപം! ഘോര തെറിപ്പിക്കുന്ന നാവുനീണ്ടയക്ഷി. തീപ്പൊരി പാറുന്ന വട്ടക്കണ്ണുകൾ. കോപസംഭ്രാന്തമായ ഭാവങ്ങൾ. ചുറ്റും മണ്ണിൽ വാത്തെടുത്ത ഒട്ടധികം രൂപങ്ങൾ ചരിച്ചും നിവർത്തും വച്ചിട്ടുണ്ട്. എല്ലാത്തിന്റേയുംമേൽ രക്തനിറത്തിലുള്ള കറിക്കുട്ടുകളും, തെറിമാലകളും, തെങ്ങിൻപൂക്കുലകളും! തെല്ലുമുമ്പ് രക്തം ചീന്തിക്കുടിച്ചു നില്ക്കുന്ന മട്ടാണവയ്ക്കെല്ലാം. ഹൊ! എന്തൊരു ഭയങ്കരത!

"ഇതാണു്, മേലാങ്കോട്ടു് എന്നറിയപ്പെട്ടിരുന്ന യക്ഷിപ്പുറമ്പു്." പെട്ടെന്നു പേടിച്ചിട്ടെന്നപോലെ സ്നേഹിതൻ എന്റെ കയ്യിൽ മുറുകെപ്പിടിച്ചു.

"ഏതായാലും നമുക്കിവിടെനിന്നും പോകാം."

"എന്താ പേടിച്ചുപോയോ?" ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"ഈ നാവു നീണ്ടരൂപങ്ങൾക്കു മുമ്പിൽ നില്ക്കുകയല്ലാ! സ്നേഹിതാ! ഞാനൊന്നു ചോദിക്കട്ടെ—

"ചോദിച്ചോളൂ."

"യക്ഷികൾ സ്വർഗ്ഗസുന്ദരികളാണെന്നല്ലേ നാം പുരാണങ്ങളിൽ വായിച്ചിട്ടുള്ളതു്. ആരെയും ആകർഷിക്കുന്ന ദിവ്യശരീരിണികളായ അവർക്കു് ഈ ഘോരരൂപം എങ്ങിനെയുണ്ടായി?"

"നിങ്ങൾ പറയുന്നതു് ദേവലോകത്തെ യക്ഷികളുടെ കാര്യമാണു്."

"ഭൂലോകത്തു് എത്തിയപ്പോൾ അവരുടെ രൂപം മാറിപ്പോയിരിക്കാം. ഓഹോ! ദേവന്മാർക്കും "ഭൂദേവ"ന്മാർക്കുമുള്ള വ്യത്യാസം പോലെ, അല്ലേ. നോക്കൂ—എന്തൊരു ഭയങ്കരസ്വരൂപം. തിളങ്ങുന്ന കണ്ണുകൾ. രക്തം പുരണ്ട നീണ്ട നാക്കു"—

"നില്ലൂ—നിങ്ങൾക്കു് അക്കഥകളൊന്നും അറിഞ്ഞുകൂടേ?

"ഏതു കഥകൾ?"

"ഇത്തരം അറിയപ്പെടുന്ന ഓരോ യക്ഷിയുടേയും പിറകിൽ ശോകസങ്കലിതവും ത്യാഗപൂർണ്ണവുമായ ഓരോ കഥയുണ്ടു്."

"യക്ഷികളുടെ പിറകിൽ കഥകളോ?"

"അതെ—സാധാരണക്കാരന്റെ കഥകൾ—ചരിത്രവും കാലവും വർണ്ണിച്ചിട്ടില്ലാത്ത കഥകൾ—'ചതിക്കും ക്രൂരതക്കും എതിർനിന്നു', നാട്ടിനും വീട്ടിനും വേണ്ടി ആത്മത്യാഗം നിർവ്വഹിച്ച

എത്രയോ വീരവനിതകളുടെ സ്മാരകങ്ങളും പിൽക്കാലത്തു് യക്ഷിപ്പറമ്പുകളായി അറിയപ്പെട്ടു!"

"അത്തരം ഏതു കഥയെങ്കിലും ഈ യക്ഷിയുടെ പിറകിൽ ഉണ്ടോ?"

"ഉണ്ടു്; ഈ യക്ഷിയുടെ രൂപത്തിൽ ഏതു് രാഗമാണു് നിങ്ങളെ കൂടുതൽ പേടിപ്പിക്കുന്നതു്?"

"ആ നാവു് നോക്കു"—

"അതു പിഴതെറിഞ്ഞ നാവാണു്."

"പിഴതെറിഞ്ഞതോ?"

"അതെ! സ്വന്തം നാവിനെപ്പോലും വിശ്വസിക്കാൻ കഴിയുകയില്ലെന്നു് മനസ്സിലാക്കിയ ഒരു വീരവനിത—പറയാൻപാടില്ലാത്ത ഒരു ശാപം പുറപ്പെടുവിച്ചതിൽ സ്വയം ശപിച്ചു്, സ്വന്തം നാവു പിഴതെറിഞ്ഞു—"

"ങേ!—ആരാണതു്?"—

"വാളുകൊണ്ടു് സകലതും വെട്ടിപ്പിടിച്ചടക്കാമെന്നു വ്യാമോഹിച്ചിരുന്ന ഒരു വീരനായ രാജാവു് ഈ വേണാട്ടിലുണ്ടായിരുന്ന—മാർത്താണ്ഡവർമ്മ—"

"അതെ—"

"ആ പരാക്രമിയായ മാർത്താണ്ഡവർമ്മയുടെ പ്രണയസർവ്വസ്വം!"

"മാർത്താണ്ഡവർമ്മയുടെ പ്രണയ സർവ്വസ്വം! ആരാണതു്?—എന്തിനാണവൾ നാവുപിഴതെറിഞ്ഞതു്?—പറയു—ആ ചരിത്രം കേൾക്കാൻ തിടുക്കമായി."

"പറയുന്നതിനേക്കാൾ കൂടുതൽ നല്ലതു് കണ്ടറിയുന്നതല്ലേ? വരൂ—ഞാനാ സംഭവസ്ഥലം കാണിച്ചുതരാം. നമുക്കു് തെക്കോട്ടു് നടക്കാം."

"എത്രദൂരം നടക്കണം?"

"ഉദ്ദേശം ഒരു മണിക്കൂർ നടന്നാൽ മതി. ഒരു പഴയ കൊട്ടാരത്തിന്റെ നടയിലെത്താം. വേമ്പടിക്കോയിക്കൽ കൊട്ടാരം.

"കേട്ടിട്ടുണ്ടു്. പണ്ടു് കുഞ്ഞുതമ്പിമാരെന്ന പ്രസിദ്ധരായിരുന്ന തമ്പിമാരും മറ്റും—

അതെ. അതുതന്നെ. വളരെ വളരെ പഴക്കം ചെന്ന ഒരു കൊട്ടാരമാണതു്. പക്ഷേ, ഇന്നത്തെ അതിന്റെ അവസ്ഥയോ?—

"നമുക്കങ്ങോട്ടുപോകാം."

"പോകാം.....ഒരു കാലത്തു് ഐശ്വര്യങ്ങളുടെയെല്ലാം കേരളീയരാഗമായിരുന്ന ആ കൊട്ടാരം—സോഷ്യലിസ്റ്റ് പ്രഭുത്വ അധികാരഖഡ്ഗം അതിന്റെ കലാമൂല്യങ്ങളും തകർത്തുകഴിഞ്ഞിട്ടും ഇന്നും അതിന്റെ അവശിഷ്ടങ്ങളും കാണാനുണ്ടു്. നാം ആ പഴയകാലത്തേയ്ക്കു ചെല്ലുകയാണു്. ആ കൊട്ടാരത്തിന്റെ അന്തഃപുരമാളികയിലെ ഒരു പള്ളിമഞ്ചം—അതാ നോക്കൂ!—

ഒന്ന്

വിരാകൈശ്ലാന്തമായ്,—പാതിരാവായിട്ട,—
മാരാജഗേഹമുറങ്ങിയില്ലാ,
സ്നേഹം വരണ്ടിട്ടം ദീപങ്ങളം കെട്ടീല,
സേവകവൃന്ദമവിടെയില്ലാ; —
പള്ളിമഞ്ചത്തി,ലുപ്പട്ടകിടക്കയിൽ
'എല്ലിന്റെ ക്രൂടൊ'ന്നു വീഴ്ത്തിട്ടന്നു,
എല്ലാക്കും ശാന്തിയെ നൽകിടും നിദ്രേ, നീ —
ചെല്ലാത്തതെന്തീമണിയറയിൽ ?

ഇല്ലാ,വരില്ല,യിക്കണ്മിഴി ചുംബിക്കാൻ
ഇങ്ങിനിവീണ്ടുമാഭാഗധേയം !
പാറയിൽത്തട്ടിയക്കപ്പലുടഞ്ഞുപോയ്,
പാഴ്വിടവീണുപോയ് പാതവക്കിൽ —

ആരാമയാ " മഭീരാമ "യാംമാതാവി -
നാ രാജസൗധമേ കൽത്തുറുങ്കായ് ..... !

വൻപുകൾംനേടിയ തന്മക്കളാം " കുഞ്ഞു-
തമ്പി"മാർ പെട്ടപോയ് വൻചതിയിൽ-
ആ വീരരക്തമോ ചായം പുരട്ടേണ്ടു,
ശ്രീ വീരമാത്താണ്ഡസിംഹാസനം !

മക്കളും മാനവും ബന്ധുമിത്രങ്ങളെ-
മൊക്കെനശിച്ചു,താനേകയായി
' മാപാപി 'യായീ മലയാളമണ്ണിന്നു്
മാതാവു നീയൊരു ശാപമായി !

വേളികഴിക്കുവാൻ വേണാട്ടമന്നവ -
നാളും പൊരുളുമായ് നിൻെറ പിന്നിൽ
അന്നെത്രകാലം നടന്നതിൻ മൂലമീ -
യന്യദേശത്തിലെ റാണിയായ് നീ ?
താൻപെറ്റ മക്കൾംക്കു തൻഭാഗം കിട്ടുന്ന
സംപ്രദായം ന്യായമെന്നിരിക്കേ ,
ആദായനീതിതാനാദായമായ്ക്കൊണ്ട -
താകുവതെങ്ങനെ പാതകമായ് ?

അല്ലെങ്കിലെന്തിന്നു സമ്മതിച്ചാനന്ദ-
കല്യാണമാശിച്ച രാമവമ്മൻ ? *

നീതിയും ന്യായവും പാടേ മറഞ്ഞുപോയ്
നീകണ്ടതെല്ലാം വെറും കിനാവായ്.
നിന്മക്കളം നാട്ടിൻെറ ശത്രുക്കളായ്ത്തീർന്ന
കണ്മുന്നിൽവെച്ചു മൃതിയടഞ്ഞു !
വാശ്ദാനത്തിൻെറ വിധിയെഴുതീടുവാൻ
ഖഡ്ഗങ്ങളം വായ്ത്തല മൂർച്ചകൂട്ടി .
എല്ലാം ചതിയാൽ നശിച്ചു—നശിച്ചു നീ, -
യി,ല്ലെഴുന്നേല്പിനിയിങ്ങുനിന്നും .

---

* ശ്രീചിത്രത്തെ രഥോത്സവം കാണാൻ വന്ന കോസല രാജകുമാരിയായ 'അട്ടിരാമ' (കൃഷ്ണത്തമ്മ എന്ന പേരിൽ അറിയപ്പെട്ട രാജദാരങ്ങളം) യിൽ രാമവമ്മ മഹാരാജാവു് അനുരാഗപരവശനായി. പക്ഷെ, അവളെ വിവാഹം കഴിക്കാൻ അദ്ദേഹത്തിനു ഒരു പ്രതിജ്ഞ ചെയ്യേണ്ടിവന്നു. നിലവിലിരുന്ന മരുമക്കത്തായസംപ്രദായത്തിനു തിവരുത്തി, അവളുടെ സന്താനങ്ങൾക്കു മക്കത്തായപ്രകാരം രാജ്യാവകാശം നൽകാമെന്നായിരുന്നു ആ വാഗ്ദാനം.

രണ്ട്

ചുടലയുമറച്ചുപോം ശൂന്യമശ്രുയുമേൽ
കെട്ടുതിരിയതങ്ങനെ കെട്ടടങ്ങീടവേ,
ചുവടിളകിയാട്ടന്നൊരുദ്യാന വല്ലിപോൽ
അവിടെയൊരു രാജന്യലക്ഷ്മിയാം നില്പ്പൂയാം.

കൊണ്ടലണിക്രന്തലിഹ കെട്ടഴിഞ്ഞാടിയും,
കുനിരകം തുനെറിവേർപ്പുനീരാടിയും,
കമലമിഴിയിണകംവഴിയൊഴുകിവരുമശ്രുവാൽ
കദനമിടതിങ്ങിക്കപോലങ്ങളും മങ്ങിയും,
എന്തോ കഥിക്കുവതിനല്പം വിടന്നൊര –
ച്ചെന്തൊണ്ടിതൊഴുമധര –
മരുണിമയകന്നുപോയ്,
കരിമുകിലുതന്നിടയിൽ മറയുമൊരുതിങ്കളിൻ
കാന്തികലരും വദനമതി വിവശമാകിയും,

തടമുലക,ളിടയിടയിൽ ചട്ടലനെടുവീർപ്പിനാൽ
താണുമുയർന്നും, തളർന്നും മനോഹരി –
അണികുഴൽ മുടിഞ്ഞില്ല, –
മണിവളയണിഞ്ഞില്ല,
അംഗമതിൽ ഭംഗിയെഴ –
മാടകളുടുത്തില്ല,
അലസയവൾ,—അവശയവ ,–
ളഭിരാമ തന്മക –
ളന്തികേനില്ലയാ" മുമ്മിണിത്തങ്ക "യാരം .....!

ഉഴറുകിലുമമ്മിഴിക,ളുമ്മതൻ മഞ്ചത്തി –
ലൊന്നെത്തിനോക്കാൻ ഭയപ്പെട്ടുന്നോമലാരം;—
അവളുടയ സകലഭവനാശയും ഗ്രഹമാ –
യല്ലേ ശയിക്കുന്നതമ്മണിക്കട്ടിലിൽ !
ഉരംകുളിരു നൽകിടും ചന്ദനമിതെന്നോർത്തു
തീക്കനലെടുത്തിവൾ മാറത്തു ചേർത്തുപോയ്
ഉദയമണയുംമുമ്പു ചെമ്പനീർപുഷ്പമേ,
വിധിയുടെ കൊടുങ്കാറുകൊണ്ടുനീ –
വീണുപോയ് !

അനവധി തപസ്സിനാലാറുനോറാണ്ടോരീ –
തനുജയുടെ രക്ഷയ്ക്കു തൻജീവനേകിയോൾ,
മടിയിലഴകോടുവച്ചോ,മനീച്ചോ,മന-
ച്ചൊടിയിൽ നറുചുംബനത്തേൻ പകർന്നേകിയും,
മാതൃതപമാധുര്യമൂറിയൊഴുകും മഹിത –
മാറത്തു ചേർത്തണച്ചി,ന്നാകംവരെയ്ക്കുമേ,
കാലിടറിവീഴാതെ,—കണ്മണി കലങ്ങാതെ, –
കാത്തുകാത്തിരവുപക,ലരുമയിൽ വളർത്തിയൊരു –
പെറ്റമ്മ,—ചതിയിലിടിവാളേറ്റു,—വേരറ്റു –
പൊട്ടിത്തകർന്ന തായ്‌വൃക്ഷംകണക്കിതാ,
കരണചരണങ്ങൾ തളർന്ന തന്നന്ത്യമാം
മരണനിമിഷം കാത്തു കാത്തു കിടക്കയാം.

ഒരു മഹിതസാമ്രാജ്യമൊന്നായ് തകർക്കുവാൻ,
ഒരു സുകൃതവാഴ്ച്ചതന്നന്ത്യം കുറിക്കുവാൻ –
സതിയിവർനിമിത്തമാണെന്നോ കഥിപ്പൂ നീ—
ചതിയുടെ ചരിത്രം കുറിക്കുന്ന കാലമേ!

" പ്രണയം "ഒരുതീപ്പൊള്ളലേറ്റപോ, –
ലായതിൻ
സ്മരണയിൽ നടുങ്ങിനാം പ്രാണവിഭ്രാന്തിയാൽ, –

കലനിധനഹേതുകം—ക്രൂരമാം പാതകം—
കുടിലഹൃദയത്തിന്റെ പര്യായവാചകം !
മറവിയുടെ കാട്ടിൽവലിച്ചെറിഞ്ഞീടിലും
മനതളിരിലെത്തുന്നിതക്കാലമാകവേ— .....
.....

മൂന്ന്

മൂടിപ്പുതച്ചോരു പാരിടപ്പെണ്ണിന്റെ
മൂടൽ മഞ്ഞായുള്ള മൂടുപടം
എത്തിപ്പിടിച്ചു കിഴക്കൻ മലയിൽ വ –
ന്നെത്തിനോക്കീടിന ബാലസൂര്യൻ.
ഞെട്ടിയുണർന്നവൾ പെട്ടെന്നു, രോമാഞ്ച –
പ്പുട്ടകൊണ്ടാകവേ മേനിമൂടി,
പ്രാണപ്രിയന്റെ,ന്നിൽ നാണിച്ചു നില്ക്കുമീ –
ച്ചേണാന്ന ദൃശ്യമിതെത്രരമ്യം !

നീളെത്തെളിയുന്നി,തപ്പുലർകാന്തിയിൽ
വേളിമലയുടെ താഴ്വരകം –
വെള്ളിക്കസവിട്ട തുള്ളിയൊഴുകുന്ന
" വള്ളി " യാറങ്ങതിൻ തെക്കരികിൽ.

അപ്പാൽപ്പുഴയുടെ പശ്ചിമഭാഗത്തൊ –
രത്ഭുതദൃശ്യമയന്നിരുന്നു, —
ആദിമകേരള വീരപ്രതാപങ്ങൾ –
ക്കാകെനിദർശനമെന്നപോലെ !

" വേമ്പടിക്കോയിക്കൽ " –
അ നാമം കേൾക്കുമ്പോൾ
കുമ്പിടാതാരുള്ളു കേരളത്തിൽ !
വൻപുകൾ നേടിയ ചേരനരാധിപർ
മുൻപു ഞാൻ, മുൻപുഞാ,നെന്നുചൊല്ലി
സമ്പത്തുമാജ്ഞയും കൊണ്ടുവിതാനിച്ച
സമ്പൂർണ്ണരമ്യമാം രാജസൌധം —
കോട്ടമതിലുകൾ, ചുറ്റും കിടങ്ങുകൾ,
നാട്ടാർതിരക്കിട്ടുമാപണങ്ങൾ,
ദേവാലയങ്ങൾ, മനോഹര ഹർമ്മ്യങ്ങൾ,
തേരോട്ടം വീഥിക,ളാൽത്തറകൾ,
ഒട്ടാകെ മിന്നിത്തെളിയു " മിരണിയിൽ
കോട്ടയ്ക്കകത്തു " കടന്നു നമ്മൾ :—

രണ്ടാം മഹാബലിയെന്നു വിഖ്യാതനായ്
രാജ്യം പ്രജകൾക്കു പങ്കുവെച്ചു, –

മാഹമ്മദമതം സ്വീകരിച്ചാർ പണ്ടു
മക്കത്തുപോകാൻ മനസ്സുവെച്ചു ?
ആ മഹാൻ,—ചേരപ്പെരുമാൾ—മയങ്ങുവാ –
നന്തിമ ശയ്യ വിരിച്ചമഞ്ചം –
വാടാവിളക്കൊളിയാൻ വിലസുന്ന
കേടേതുമേശാതെയന്നമിന്നും !

അത്യന്തരമ്യമാ രാജഗേഹത്തിന്റെ
യന്തഃപ്പുരത്തിലൊന്നെത്തിനോക്കാം : —
വെണ്ണക്കൽപ്പാളികൊണ്ടു കടഞ്ഞിട്ട
കണ്ണാടിമിന്നുമപ്പൂമുഖത്തിൽ –
വെണ്മണൽവാരി വിരിച്ചുകൊണ്ടാരെയും
കണ്മയക്കീടും കളിമുറ്റത്തിൽ –
പൂത്തിരുവാതിരത്താലമൊരുക്കുവാൻ
പൊന്നോണം പൂവിട്ടം പുൽത്തറയിൽ –
ചെന്താമരകൾ വിരിയുന്ന പൊയ്കയിൽ –
ചന്തംചമയും വസന്തരാവിൽ –
ഓടിക്കളിപ്പൂ,രണ്ടോമൽക്കുരുന്നുകൾ
പാടിപ്പറക്കും പറവപോലെ !

തങ്കച്ചിലമ്പൊലി ചിന്നിയാമുറ്റത്തു
സഞ്ചരിച്ചീടും കിടാങ്ങൾ തന്നെ

ഉറക്കനോക്കിക്കൊണ്ടു രണ്ടു ഹൃദയങ്ങൾ
ഉമ്മറമഞ്ചത്തിലുല്ലസിപ്പൂ –
വേണാട്ടമന്നവൻ രാമവമ്മാനുപൻ –
പ്രാണാധിനാഥയഭിരാമയും ;—
ആയവക്കുള്ളൊരനവദ്യരാഗത്തിൽ –
ശ്രീയാന്നടിച്ചൊരു പൂവരിമ്പാം
ഓമനപ്പെൺകിടാവോടിക്കളിക്കുന്നു,
കോമളമയിർകൊണ്ടവർ കണ്ടിരിപ്പൂ !

കണ്മണിപ്പൈതലാമുമ്മിണിത്തങ്കതൻ –
കൈയുംപിടിച്ചൊരു കൊച്ചുതോഴൻ;
ആരത്തു— "വീരമാത്താണ്ഡ "കുമാരകൻ,
ശ്രീരാമവമ്മന്റെ ഭാഗിനേയൻ !

പൊൻപട്ടുടുപ്പിട്ടപൂമ്പാറയെക്കണ്ടു
ചെമ്പകമൊന്നു ചിരിച്ചുനിന്നു.
കൊമ്പിന്റെ തുമ്പത്തുനിന്നതു നേടുവാൻ
വമ്പൻമരത്തിൽ വലിഞ്ഞുകേറി
തൊട്ടുതൊട്ടില്ലെന്നമട്ടായതിന്മുമ്പു
ഞെട്ടറ്റുപൂവതുതാഴെവീണു.
ഞെട്ടിത്തിരിയും കുമാരന്റെ പിന്നിലായ്
പൊട്ടിച്ചിരിയൊന്നയന്നുവന്നു !

വില്ലും, ശരങ്ങളും തോളത്തുചാർത്തിയ
കല്യാണരൂപികരം രണ്ടുബാലർ,
ആ രാമലക്ഷ്മണ തുല്യശരീരികരം
ആരാമലീലയ്ക്കണഞ്ഞതാവാം.
ചെമ്പകപ്പൂവു,മതെത്തിപ്പിടിക്കുവാൻ
മുമ്പിട്ടചെല്ലും കരങ്ങളേയും,
കണ്ട,വർദ്ധരത്നനിന്നുമൊരുശരം
കൊണ്ടെയ്തുവീഴ്ത്തിനാരക്ഷണത്തിൽ
നാണിച്ചുതാഴത്തിറങ്ങീ കുമാരകൻ
ക്ഷീണംമറച്ചാമലരിനായി
ശണ്ഠയായ്, വാക്കായ്, വഴക്കായ്, പരസ്പരം
രണ്ടുവശത്തും രണംതൊട്ടക്കേ,
" അച്ഛൻ ! "പത്തുക്കെയാമന്ത്രമുരച്ചവൾ; –
നിശ്ചലം പിന്നെയായുദ്ധരംഗം—
വില്ലാളിമാരില്ല,—വീരമാത്താണ്ഡനി, –
ല്ലെല്ലാരുമോടിയൊളിച്ചിതെങ്ങോ
" അയ്യയ്യോ ! പറഞ്ഞു " കൈകൊട്ടിക്കൊണ്ടവൾ
അമ്മതന്നങ്കത്തിൽചെന്നുവീണു !

.....

.....

അല്ലാ, പറയാൻ മറന്നുപോയ്, നാം കണ്ട
വില്ലാളിവീരർ മറന്നാലുമല്ലാ
തങ്കതൻജ്യേഷ്ഠന്മാർ — "പമ്പയും, രാമനും"
തങ്ങളംതൻപ്രാണനെപ്പോലെയെന്നും
പൊന്നുനജത്തിയെപ്പോറ്റിവളർത്തിയ
മന്നവനന്ദനർ, സുന്ദരാംഗർ!

തങ്കക്കിനാവുകൾ താലോലമാട്ടിയ
സങ്കല്പരമ്യമാബാല്യകാലം –
ചെങ്കോൽകൊതിച്ചൊരാശ്രീവീരമാത്താണ്ഡൻ
തങ്കതൻപാണികൾ പാട്ടിലാക്കി
ചിത്തംമയക്കുമാരംഗമൊരുചല–
ച്ചിത്രത്തിലെന്നപോൽ നീങ്ങിടുന്നു.

നാല്

"ആരിവ,നാരിവ,നമിതപരാക്രമി –
യാരിലുമത്ഭുതമരുളുന്നോൻ,
ആജാനുസ്ഥല ചുംബിതകരയുഗ –
നായതമാറിട മാന്നിട്ടുവോൻ !
തടിച്ചുയന്നൊരു തോളിടമതിലുല –
കെടുത്തുയത്താനു "ശിരു"ള്ളോൻ,
രസികാകഷ്ക ശുകതുണ്ഡാഞ്ചിത –
നാസികയാലതി ഗംഭീരൻ, –
ബ്രഹ്മക്ഷാത്രമഹസ്സുകളിണപെട്ട –
മമ്മതിഹാംഗ,മനംഗാഭം, –
കാണുന്നോരുടെ കരളിലുറയ്ക്കും
കാവ്യശരീരനിതാരാവോ ? —"

ഞെട്ടിവിടർന്നമിഴിയിണ,മെന്നിൽ
പൊട്ടിനിറഞ്ഞൂ പൊൻപുളകം
മട്ടലർവാണി മനസ്സിൽക്കണ്ടാ –
മട്ടിലണഞ്ഞൊരപ്രിയരൂപം !
മന്ദിരവാടിയിലിന്നലെ, രണ്ടില–
മാത്രമിയന്നൊരു ചെറുമാവേ !
മന്നിടമാകെത്തണലേകാ,നൊരു
വന്മരമായി വളർന്നോ നീ ?
പൂങ്കുലയാംചെറുകൊങ്കകളുന്നി
നിൻകുളിർമാറിൽത്തലചായ്ക്കാൻ
നീകനിവോടേ നീട്ടിയ കൈകളിൽ
പൂക്കുകയാണീപ്പൂമല്ല !

ഉള്ളുറകൃത്തിയകത്തു കടന്നവി –
ട്ടുള്ളനുരാഗപരാഗത്തെ
കള്ളൻമെല്ലെയെടുത്തു കടന്നതു
കണ്ടവരാരും മിണ്ടീല !

ലീലകൾ വിലസിയ ബാലകഭാവം
വ്രീളയ്ക്കായ് വഴി മാറാനോ
മന്നിൽപ്പോന്നതു യൗവനമേ, നീ
മാനവഹൃദയം നീറാനോ ?

മധുരസ്മരണകളുള്ളിലൊതുക്കീ
മാന്മിഴിയാളവളന്നേരം
ഇരവിൽ നിദ്രയിലെങ്കിലുമൊരുകുറി
വരുമോകമനൻ സ്വപ്നത്തിൽ ! —

"ഇല്ലതിദൂരമനന്തപുരത്തി,നെ –
ഴുന്നള്ളത്തിനു വന്നീല,
'ചാരോ'ട്ടണ്ടവനെങ്കിലുമിവിടെ
തേരോട്ടത്തിനുമെത്തീല !
മടിയിലെടുത്തു വളർത്തിയ തൻപ്രിയ
മാതാവിൻമെയ് കണ്ടീടും
പതിവുനിലച്ചോ യുവരാജാവേ,
പക്ഷേ,യിവളെ മറന്നാലും ! "

"നിൻകുടമിഴികളിലെന്നുടെ ലോകം
നിൻകൈക്കുമ്പിളിലെൻനാകം
തങ്കത്തളിരേ ! നീകനിയുകിലീ
ചെങ്കോൽ വെറുമൊരലങ്കാരം ! "

എത്രപറഞ്ഞാരു സത്യവചസ്സാ –
ണിത്തരമെന്നൊട്ട മാത്താണ്ഡൻ

അത്രയുമിന്നൊരു ജലരേഖാസമ –
മവസിതമായിത്തീരുകയോ ? ”

പ്രണിതഹൃദന്തരമിത്രുവിധമോരോ
പ്രണയവിചിന്തകരം നെയ്തിടവേ,
കണ്ടീലോമന—യവരുടെയിടയിൽ
കന്മതിലൊന്നുയരുവതായ് !

അഞ്ച്

രാമവമ്മനൃപൻ നാടുനീങ്ങവേ
രാജ്യമാരുഭരിക്കണം?—തക്കമായ് !
ന്യായമോക്കിൽ മരുമക്കഠംതൻവഴി
ദായരീതിയീനാട്ടിലെന്നാകിലും
നാടുമക്കഠംക്കനൽകുവേനെന്നൊരാ –
നാടുവാഴിതൻവാ,ക്കെതിർനില്ലുയാം
എങ്കിലെന്താവചസ്സിന്നൊരു " ഹരി –
ശ്ചന്ദ്ര " നില്ലിവി,ടില്ലാ " ദശരഥൻ "
പെണ്ണുകണ്ടു മയങ്ങിയ മന്നന്റെ
പൊണ്ണവാക്യമതെന്തുവന്തുവിധി !

വീരമാത്താണ്ഡപക്ഷംപിടിക്കയാ –
യാ," വവീട്ടിലെപ്പിള്ള "മാർ നാട്ടിനായ്
വിട്ടമാറുമോ വീരരാംതമ്പിമാർ
" എട്ടുവീട "രവക്കുണ്ടു ക്രൂട്ടിനായ് !

" കാണുമീശ്വരൻ പാരിന്നുമന്നവൻ
കല്പനയേത്രകല്പം പിളർന്നിട്ടും
രാജസേവനം പാവന "മെന്നുതൽ –
പ്പൂജചെയ്യുവാൻ പോരികയായ് ചിലർ—
ഭീരുതയ്ക്കു വഴിപ്പെട്ട,മന്യഥാ
വീരശൃംഖലയാഗ്രഹിച്ചും തദാ
ഭക്തിഭാവിച്ചു 'ഭവ്യരായ്' മന്നവ –
കീർത്തിപാടിനടന്നാരതിൽച്ചിലർ—
സ്വന്തവംശജശ്രേയസ്സുകണ്ടതിൽ
അന്തരംഗമസൂയാകലുഷമായ്
ഹന്ത ! വീടിന്നടിക്കല്ലിളക്കുവാൻ
എന്തുചെയ്യും നടന്നാരതിൽചിലർ—
സത്യധർമ്മങ്ങളം തെറ്റാതെ, തങ്കളംതൻ
ശക്തിനാടിന്നുനൽകിയോരെങ്കിലും
മന്നവന്നെതിർമൂളിയാൽപ്പോരുമൊ –
ന്ന,ന്നതൊട്ടവർ" ദ്രോഹ "മുദ്രാങ്കിതർ !

മാറിടാതെ മനസ്ഥൈര്യമാൻ, തൻ –
മാറുകാട്ടിയനീതിചെറുക്കുവാൻ
എട്ടവീടരോടൊത്തു മാടമ്പിമാ –
രെത്തിയിട്ടുണ്ടു ക്രൂട്ടിനെന്നാകിലും
" തമ്പുരാ "നൊടാരംഭകോലങ്ങളിൽ
തമ്പിമാർപടയ്ക്കാത്തീല ; തല്ലുമേ !
മന്നിടത്തിന്നവകാശിയേതൊരാ –
ളെന്നുരയ്ക്കണം, മൂന്നാമതാമൊരാൾ
വന്നിട,ട്ടയൽ നാട്ടിൽ നിന്നായതി –
ന്നിന്നുമധ്യസ്ഥനാമൊരുമന്നവൻ :—

ആഗതനായ പാണ്ഡ്യ*പ്രതിനിധി
ആവഴക്കിന്നുരച്ചാൻ പ്രതിവിധി :—

"ആരുവച്ചതാണെങ്കിലുമക്രമം
ചേരനാട്ടിലീമട്ടായക്രമം
താതനന്ദന സ്നേഹവിനാശക –
മേതുനാട്ടിലുമില്ലാത്തൊരാശയം ! "

---

* തമ്പിമാരുടെ തക്കം തീർക്കുവാൻ ആനീതനായ പാണ്ഡ്യ പ്രതിനിധി അഴകപ്പ മുതലിയാരാണത്രേ.

"എന്തതിക്രമം ചൊല്ലുന്നുപാണ്ടിയ, –
നെന്തിനല്ലെങ്കിൽ, മധ്യസ്ഥനിങ്ങൊരാൾ?"
സമ്മതിച്ചീല സന്ധിവാക്കാനുപൻ,
തന്മനസ്സിലെസ്സപ്പുമണന്നുപോയ് :—
" രക്തദാഹം കലന്നുജ്ജ്വലിക്കുമി–
ഖഡ്ഗമോതട്ടെ—ശക്തിയും, ന്യായവും ! —"
വാളുമൂരിപ്പിടിച്ചു മാത്താണ്ഡന –
ന്നാളുചേത്തു നടന്നു പലേടവും

നാട്ടുനീളെയുപജാപരംഗമായ്
നാഥനില്ലാതുഴലും കളരിയായ്
രണ്ടുക്രൂരമെങ്ങാനുമൊന്നുടൻ
കണ്ടുപോയാൽ തലകൊയ്തു പോന്നിടും !

എത്രരക്തമൊഴുക്കിയെൻ ദേശമേ,
എത്രപുത്രരെ വാളിനുണാക്കി നീ ! —
നിൻെറവീടു ഭരിക്കുവാൻ, കേവലം
നിൻെറ ജീവിതത്തിൻവിധി ചൊല്ലുവാൻ,
എന്നുതൊട്ടേ"യിറ്റിക്കുമതിച്ചുര – "
ക്കെന്നുപോൽ കൊണ്ടുവന്നു നീ മന്നരെ –
അന്നുതൊട്ടേ തുടങ്ങിയതാം നിന –
ക്കന്യപാദപരാഭവം വേണാടേ !

ആറ്

വൂർണ്ണയൗവ്വനശ്രീലത
പുഷ്പിച്ചെത്തിട്ടം പോലതാ ,
മാരവൈരിതൻ പൂജയ്ക്കായ്
രാജനന്ദിനി പോകയായ് ! —

വണ്ടാർവേണി കളിയാടി
തണ്ടാർപ്പൊയ്കയിൽ നീരാടി
പാതിയൊത്ത പിറപോലെ
കോതിക്കെട്ടി മുടിമേലേ —

ചന്ദനത്താൽ കുറിവരച്ചു,
ചാന്തുകൊണ്ടൊരുപൊട്ടുതൊട്ടു ,
അഞ്ജനത്തിനാൽ കണ്ണെഴുതി
മഞ്ജുഭാഷിണിയാളഴകിൽ,

കാണും കണ്ണുകൾക്കുഞ്ഞോലാ
കാതിൽ മിന്നിയ " പൊന്നോല, "
ചെമ്പവിഴനിറം തേടി
പൊൻകവിളിണക്കണ്ണാടി,
നാസികയിലൊളിഛാത്തി
" ഞാത്തു " മിന്നിയ " മൂക്കുത്തി, "
ചെഞ്ചൊടിക്കൊരു ചേലഞ്ചി
പുഞ്ചിരിയുടെ മൈലാഞ്ചി,
ഭാവസുന്ദരമാനോട്ടം
ഭാവനയുടെ തേരോട്ടം !

പച്ചസൂര്യപടത്താലേ
തച്ചുറയ്ക്കി തടഞ്ഞാലും
പോരടിച്ചു തളരാഞ്ഞ
പൊങ്ങിടും മുലകൾമീതേ
കച്ചപോലെ കസവിട്ട
കട്ടിയുള്ള " പരിവട്ടം " —
മുത്തു " മിഞ്ചി " കൾ മുത്തീടും
മുഗ്ധപാദങ്ങളെത്തീടും
മട്ട,മെച്ചമാം " കോട്ടാറൻ' '
നീട്ടി നീട്ടിയുടുത്തിട്ടും,

മാലതന്നിലെ മാണിക്കം
മാറിൽച്ചേരുന്ന നൽപ്പുതക്കം,
കൈകളം "രാമകഥ" പാട്ടം *
കട്ടിക്കാപ്പുകളാന്നിട്ടം,
അണിയും "പീലിയ്ക്കാ" മോതിരം
അംഗുലിക്കൊരലങ്കാരം !

പിച്ചകപ്പൂത്തുപ്പുമാല്യം
വെച്ചൊരുക്കിയമംഗല്യം
ചെറുചാഞ്ഞൊരു പൂത്തട്ടം
ഒറ്റക്കൈയിലുയത്തീട്ടം,
മറ്റേക്കൈയിൽ മനോജ്ഞാഭം
മാറ്റേറും പിടിപ്പൊൻ ദീപം
പൂർണ്ണഭക്തിയിലപ്പിച്ചു,
പൂത്തിരിയിട്ടു കത്തിച്ചു,

---

* രാമായണം, ഭാരതം, ഭാഗവതം തുടങ്ങിയ പുരാണ കഥാ ഭാഗങ്ങൾ ചിത്രരൂപത്തിൽ കൊത്തിച്ചേർത്തിട്ടുള്ള കട്ടിക്കാപ്പുകൾ പ്രാചീന കേരളീയ വനിതകൾ ധരിക്കാറുണ്ട്. "കട്ടിക്കാപ്പ്", പീലിക്കാമോതിരം, പൊന്നോല, ഞാത്തു എന്നിവ ഇന്നു മിക്കവാറും പ്രചാരമുപേക്ഷിച്ചുപോയ ആഭരണങ്ങളാണ്. "കോട്ടാറൻ"—നൂറ്റാണ്ടുകൾക്കു മുമ്പ്, "കോട്ടാറൻ കരമുണ്ട്"—രാജകീയ വസ്തുവെന്ന വിധ്യാതി നേടിയിരുന്നു.

ഏന്തിയങ്ങനെയെമ്പാടും
ചന്തം ചിന്തിയണഞ്ഞീടും
നാരിമാക്കു നവഹാരം
ചാരുതയ്ക്കാരവതാരം
പോരുന്നീവഴിയിന്നേരം
വീരകേരള സംസ്കാരം !

അമ്പലമതിലാകവേ
സംഭ്രമം കളിയാടവേ
അന്നപ്പൊൺകൊടി മാതിരി
മന്ദമെത്തി മനോഹരി !
മുമ്പിൽവന്നിതു—തീർത്ഥവും
തുമ്പിലയിൽ പ്രസാദവും
കൊണ്ടുപൂജകൻ, വേഗമാ
കൊണ്ടൽവേണിയാഠംക്കേകുവാൻ
കൈതൊഴുതവയാന്തരൻ
കണ്ണിണകളിൽ ചേക്കവേ
കണ്ടൊരോലയെഴുത്തതാ
ചെണ്ടുകളുടെ മധ്യത്തായ്
"ആ നിഗ്രഹ നിവേദനം,
ആരുന്നല്ലിയ ലേഖനം ?"
തങ്കതൻമിഴിയിൽ ഭയാ –
ശങ്കയൊന്നു ജനിക്കയായ് !

ഏഴ്

കോയിക്ക,ലേകാന്തത്തി,ലെത്തിയി,ട്ടോലക്കുറി
വായിപ്പൂ, വിറയ്ക്കുന്ന ഹൃദയം വിരഞ്ഞിതാ : —
" കണ്മണിക്കൊപ്പം കാത്തു
" മാത്താണ്ഡൻ " പ്രണയിക്കു –
മുമ്മിണിത്തങ്കയ്ക്കായിട്ടെഴുന്നതാവിത്തു : –
എൻകരംത്തട്ടിൽ പ്രേമരശ്മികം വീശുന്ന വാർ –
തിങ്കളേ !സഖി,നീയെന്ത,ക്കാലം മറന്നുവോ ?
അമ്പലത്തുമുറത്തി,ലാമ്പാരിമുഖപ്പിങ്കൽ,
ചെമ്പകത്തയ്യിൻ ചോട്ടിൽ, തുമ്പി –
പോൽ പറന്നെത്തി
എത്രമോഹനമായിക്കഴിച്ചുനാ,മാബാല്യ –
മുഗ്ദ്ധമാം മുഹൂർത്തങ്ങളോമനേ,മറന്നോ നീ!

നിൻപ്രിയസഹോദര,രെൻജ്യേഷ്ഠരത്രേകുഞ്ഞു –
തമ്പിമാ,രെന്തോതെറ്റിദ്ധരിച്ചുനില്പൂനമ്മെ.
വേണാടിൻ ഭരണത്തിലാശയി,ല്ലെനിക്കെന്നാൽ
പ്രാണനിൽ പേടിക്കാത്ത പാവങ്ങളെങ്ങാനുണ്ടോ ?
എൻതല തേടുന്നുനിൻ സോദര,രക്തകൊയ്ത്ത
പന്താടുമെന്നായവർ പന്തയം വയ്ക്കുന്നേരം
നാടിനെച്ചതിക്കാമോ പ്രണയംനേടാൻ,പക്ഷേ,
നാടിൻെറ ചൊല്പ്പാൽസ്വയം പ്രേമത്തെ?–
വെടിയാമോ
എന്തുഞാൻ ചെയ്തീടേണ്ടു, രണ്ടുഭാഗത്തും മൂർച്ച–
യേന്തുമീവാളിന്മുമ്പി,ലെങ്ങുപോയൊളിപ്പൂ ഞാൻ

ഇടിയും പേമാരിയുമിരമ്പിക്കയത്തീടും
ഇടവപ്പാതിപ്പാതിരാവാണിന്നെൻ ജീവിതം !
എന്നാലുമിടയ്ക്കിടയ്ക്കെൻ കരളിങ്കൽ ശാന്തി
തന്നീടാൻ വരുമൊരുതങ്കനക്ഷത്രം നീയാം
അക്കൊച്ചുവെളിച്ചത്തി –
ലിപ്പെരുവെള്ളപ്പാച്ചി –
ലത്രയും കടന്നതിനപ്പുറം തുഴഞ്ഞേറി
ചെങ്കോലിൻ കട്ടംചുമടിറക്കിനിൻ തോളത്തു
തങ്കമേ ! തലയൊന്നു ചായ്ക്കുവാൻ സാധിക്കുമോ ?

അക്കാല,മെൻമാതുലൻ-നിന്നച്ഛനാശിച്ചൊരീ
സല്ക്കാര്യലാഭത്തിന്നു തമ്പിമാർ തടസ്സമായ്
രാജ്യമാണവരുടെയാശയ,മാലക്ഷ്യത്തിൽ
ത്യാജ്യമായ് കാണുന്നവർ സ്വന്തമാംവംശത്തെയും!

കളിച്ചു,ഞാൻ മാഞ്ഞോട്ടി,ലൊളിച്ചു –
നിന്നാൽപോലും
കയത്തുവിളികേളാതിരുന്നാൽ കേണീടും നീ
വെളിച്ചത്തിത്തുമട്ട വന്നുഞാൻ വിളിച്ചാലു –
മൊളിച്ചു മാറാനാമോ കാലത്തിൻ കയ്യാംകളി!
ആമധുസ്സിഗ്ദ്ധാലാപ,മാമൃദുസ്മേരം ഭാവം,
ഹാ! മനം മയക്കും നിന്നാരോമൽക്കടാക്ഷങ്ങളും–!

... ...

അന്നത്തെ കളിത്തത്തയല്പിന്നു നീയാവിണ്ണിൽ
സുന്ദരമേഘങ്ങളിൽ കിന്നരസ്ത്രീയായ് മാറി.
വസന്തം നിൻമേനിയിലെന്തെന്തു –
മാററങ്ങളും, ഹാ
വരുത്തി,യെന്നൊക്കെയും കാണ്മു,ഞാൻ
സങ്കല്പത്തിൽ!

ഒരുനോക്കു കണ്ടാകി,ലോമനേ ! നിൻപൂവുടൽ
ചരിതാർത്ഥൻഞാൻ,പിന്നെ മൃത്യുവാ–
ണെന്നാലാട്ടെ !
ഹസ്തരേഖകൾ നോക്കാൻ കാഷായവേഷ –
ത്തിൽ നി –
ന്നാൽത്തറയതിൽനാളെ " ജ്യോസ്യായി " –
യേകൻ ചോരും,
ഏട്ടന്മാരറിയാതെ എങ്ങനെയെന്നാലും നിൻ
കോട്ടയിൽ കടന്നീടാനവന്നു സാധിക്കുമോ ?
പിന്നത്തെക്കഥ വിധിപോലെയാമെന്നോതിയീ –
പ്രേമലേഖനമിങ്ങു നീട്ടുന്നു നിന്മാത്താണ്ഡൻ."

[കാട്ടാളൻവെച്ചുവലയിലവിടൊരു
കാട്ടുപിറാവു പറന്നുവീണു !
തീനെന്നുശങ്കിച്ചു ചുണ്ടലിൽ കൊത്തുവാൻ
മീനപ്പിടയൊന്നു നീന്തിവന്നു !
കോട്ടമതിലിന്നിടയിൽ പൊട്ടുന്നനെ
കൊച്ചുവിടവൊന്നുദിച്ചിടുന്നു.
ഓട്ടമൺപാത്രത്തിൻമോച്ചുകണ്ടീടുവാൻ
നോട്ടംപിഴച്ചിടൊല്ലോമലാളേ!]

എട്ട്

രാജകുമാരി : —

കിടിലമാം ലോകത്തിനുള്ളുറിഞ്ഞു
കുറിചൊല്ലും ഗോസായിത്തിരുമനേ !
ഭരണത്തിലാശയാണെങ്കി,ലങ്ങീ
മരണത്തിൻ കോട്ടയിൽ വന്നതെന്തേ ?

ഗോസായി :—

കനകക്കിരീടങ്ങളെത്രയെത്ര
കണിവെച്ചുനിന്നാലും കൈവരാത്ത,
മരണവും പേടിച്ചുമാറിടുമീ
പ്രണയസാമ്രാജ്യം പിടിച്ചടക്കാൻ.

രാജ :— പദവിയും,പ്രാണനും പിന്നിലാക്കി
പ്രണയം തിരക്കുന്നതെന്തിരുമനേ !

അതിമാത്രം രമ്യമായങ്ങുവാഴ്കിൽ
അനുരാഗലോകമതേതുലോകം !

ഗോ :— " തരുണവസന്തം മറയുകില്ലാ
പരിണതസ്നേഹം കുറയുകില്ലാ
ധരണികൊതിക്കും സുഖങ്ങളെല്ലാം
തരുമൊരാസ്ഥാനത്തിൽ പോരുതോഴി ! "

രാജ :— " ചിരകാലം പെറുവളർത്തിയോരീ
ച്ചെറുക്കുട്ടൻ പൊട്ടിച്ചു നിൻറെക്കുടെ —
പറവപോൽ പോരാൻ കൊതിക്കിലുമെൻ
ചിറകിന്നു കെല്പില്ല തമ്പുരാനേ ! "

ഗോ :— " പഴുതേയിച്ചിന്തയാം കാർമുകിലാൽ
മുഴുതിങ്കൾപ്പൂമുഖം മങ്ങിടല്ലേ
നിരവധി തേടി നീ നേടിയോരീ
നിമിഷങ്ങൾ — നിഷ്ഫലമാക്കിടല്ലേ ! "

... ...

അണിയറയ്ക്കുള്ളിലൊരുക്കമെല്ലാം
അവസാനിക്കാറായതിന്നുമുമ്പേ,
പ്രണയമോ — വംശമോ, വേണ്ടതെന്നീ -
ക്ഷണനേരം കൊണ്ടു തീരുമാനിച്ചു.

ഒരുഞൊടി നിൽക്കൂ — നാം കേൾപ്പതെന്താ —
ണൊരു ശബ്ദം —അയ്യോ, ചതിച്ചുസർവ്വം–
അരചരഹസ്യങ്ങളേതുമട്ടോ
അരമനയുള്ളിൽ നിറഞ്ഞുപോയി.
ഉറയുരും വാളുമായോടിയെത്തീ
ഒരുക്രൂരമാളുകളുള്ളിറയിൽ !

മറവപ്പടയുമായ് സന്ധിചെയ്തു
മറുനാടുവിട്ട സഹോദരന്മാർ —
കരളിലൊരമ്പു തറച്ചുപോലീ –
ക്കഥകേട്ട പൊട്ടിത്തെറിച്ചുപോയീ ;–
" കഥയറിയാമെന്നനാം കാട്ടെലിയി –
ക്കുടവതൻ ക്രൂട്ടിലോ വന്നുചാടി ! "
കളിയാടിക്കളിയാടീട്ടൊടുവിലിന്നീ
കളരിത്തലയ്ക്കലോ കള്ളനെത്തീ !

ഒൻപതു്

"കള്ളനോ ?" "കള്ളൻ" ,ചെന്നുപിടിപ്പിൻ,
വാളാൽവെട്ടി –
ത്തള്ളുവിൻ,—അല്ലെങ്കിലിത്തമ്പിതൻ
കയ്യിൽത്തരിൻ, ! "
'വേണാടിൻ മുടിചൂടും "മന്നന"ല്ലല്ലീ –
ഒന്നു—
കാണണ,മെനിക്കുനിൻ
കൈക്കരുത്തിന്നേട്ടിനം ! ,
എട്ടവീടരേ ! ഭദ്രം വാതല്ലൂൽ ! ,
അല്ലെങ്കിലി—
ക്കൊട്ടാരത്തിലെവാത—
ലൊട്ടാകെയടയ്ക്കട്ടേ—

കാണട്ടെ രണ്ടാലൊന്നുവേണാട്ടരിച്ചീട്ട—
മാണുങ്ങളാരാണെന്നുനാളത്തെ
നാട്ടാരെല്ലാം
" കഴകൻകാട്ടിൽ " സദ്യയുണ്ണട്ടേ കഴകന്മാർ
കഷണംകഷണമായ്വീഴന്നൊരിമ്മാംസത്താൽ– "

.....

" നില്ക്കുവിൻ ! " " ഹായ് ! ആരിത് ? "
" ഞാൻ തങ്ക,അനിയത്തി ! "
" ധിക്കാരി ! മാറിപ്പോക്ക് "—
"പോകില്ല,ചേട്ടൻ മാറൂ ! "
" നിനക്കെന്തിതിൽ കാര്യം ? "
" കാര്യമീവാൾ ചോദിക്കും ! "
" നീയത്രമിടുക്കിയോ ? "
" തട്ടത്താൽകാണാമല്ലോ –
പലരും ചേ,ന്നൊറ്റയ്ക്കുനില്ക്കുമിത്തമ്പുരാന്റെ
തലകൊയ്യുവാൻവന്നാൽ തങ്കഞാൻപൊറുക്കില്ല! "
" വംശവൃക്ഷത്തിൻ ചോട്ടതോണ്ടുന്നതാരായാലും
വച്ചേച്ചാൽ മഹാപാപം !—
വെട്ടെടാരാമൻതമ്പി ! "

* * * * * *

" മക്കളേ ! വെട്ടീടൊല്ലതങ്കതൻകഴുത്തു് - എന്റെ
മക്കൾക്കുതരാമമ്മയിത്തലമടിക്കണ്ട—
തങ്കയെക്കൊല്ലുംമുമ്പു—
തായെന്റെ കണ്ണും വെട്ടി—
ത്തൻകരച്ചെങ്കോലിനും
കുങ്കുമം ചാർത്തിക്കൊൾവിൻ ! "

* * * * * *

പറന്നുപോയീകാറ്റിൽ പഞ്ഞിപോൽദ്ദുരാവേശം
എറിഞ്ഞുകൈവാളുകൾ—എങ്ങോപോയ്
സഹോദരർ !

.....

പത്തു്

കവികർക്കവളൊരുസങ്കല്പം,
കാവ്യത്തിന്നവളാകല്പം,
അങ്കക്കളരിയ്ക്കഭിമാനം,
പെൺകൊടിമാർക്കൊരുസമ്മാനം!

വേണാട്ടരചനുവേണ്ടിത്തൻ –
പ്രാണൻകളയാൻമടിയാതെ
തൻകരവാളം കയ്യേന്തി
തങ്കയണിഞ്ഞു നവകാന്തി!

പക്ഷേ, ഫലമെന്തുണ്ടായീ–
കക്ഷികൾ വീട്ടിൽ രണ്ടായി!
പകയാന്നോടിയവേണാടൻ
പകരം ചതിതൻ വലവീശി!

പദവികൊതിച്ചവനന്നേരം
ഹൃദയവിചാരം വേണ്ടാതായ് !

"തൻപുകൾ വഴിയേതടവേകും
തമ്പികൾ വംശം തകരേണം
വെട്ടിക്കൊല്ലുക നേരത്തേ
അഷ്ടഗൃഹേശ്വരവംശത്തെ–
ഉയരുംമൌലികൾ തകരട്ടേ,
ഭയമീനാട്ടിലരിക്കട്ടേ,—
തിരുവാ,യ്ക്കെതിർവാക്കുരിയാടാ –
നൊരുനരനില്ലാതാകട്ടെ ! "

അവസരസേവകനൊരു " പയ്യൻ "
അരികിലണഞ്ഞു " രാമയ്യൻ "
വഞ്ചനയാലേവലകെട്ടീ
വഞ്ചിനൃപാലനമലനാട്ടിൽ !
കാട്ടുകൾ മുടലകളായല്ലോ ,
കഴുകുമരങ്ങളുയർന്നല്ലോ ,
വീടുകൾതോറും രാജാവിൻ
ക്രൂരഭടന്മാർ പാഞ്ഞെത്തി –
കൊന്നുമുടിച്ചും മടിയാതെ
കൊള്ളയടിച്ചും കൂറയാതെ

കൂട്ടികൾ നാരികളെന്നിവരെ
ക്രൂട്ടം ക്രൂട്ടം തുറയേറി !

" പെറുവളർത്തിയതായില്ലേ,
പെങ്ങളുമില്ലേ നിങ്ങൾക്കു്
അമ്മയെന്നൊരുതെറിവിന്നീ
യരിമക്കുട്ടനെവെട്ടില്ലേ—
നാടുഭരിപ്പാൻകൊതിയെന്നാൽ
നാട്ടാരെന്തൊരുപിഴചെയ്തു ?
പദവികൾ നേടാൻ കൊതിയെന്നാൽ
പ്രജകടെയെന്തിനു തലകൊയ്തു ?
എന്തുപിഴച്ചു രാജാവേ !
സന്തതിനാശം ചെയ്യാതേ ! "
എന്നുകരഞ്ഞു സാധുക്കൾ, —
എങ്ങും നരകപിശാചുക്കൾ ,—
അച്ചുതിതന്നിൽ രാജാവിൻ
സേവാരാഭരണം തലപൊക്കീ !

പതിനൊന്ന്

"എവിടെയീവംശഘാതകിയാമവൾ,
എവിടെയുമ്മിണിത്തങ്ക,യെങ്ങെങ്ങവൾ,
ചതിയിൽ ശത്രുവിന്നൊറുനിന്നോരുനിൻ
കഥകഴിച്ചിനിക്കാര്യമെന്താകിലും"

കൊടിയനേത്രങ്ങൾ കോപാൽജ്വലിച്ചു,മ –
നെടിയമീശവിറച്ചും, നിരന്തരം
പിടയുമക്കട്ടംചോരഞരമ്പുകൾ
തുടുതുടുപ്പക്കപോലത്തിനേകിയും,
കടുകടെക്കടിച്ചും ദന്തപംക്തി,യ –
ക്കഴലുവെയ്യിൽ നടുക്കിയും പാരിടം,
അടരിനെത്തുന്ന സംഹാരമൂർത്തിപോ –
ലടവിചുറ്റിടും കാട്ടുതീയെന്നപോൽ-

ഉറയിൽനിന്നുടന്തുരിയ വാളുമാ –
യൊരുകുതിപ്പിൽകൊട്ടംകാറുപോലവേ
അരമനയ്ക്കുമകളിൽ സഹോദരി –
യ്ക്കരികിലെത്തുന്നു തമ്പിസംക്രുദ്ധനായ് : –

" ഏവിടെയീവംശഘാതകിയാമവൾ,
ഏവിടെയുമ്മിണിത്തങ്ക,യെങ്ങെങ്ങവൾ –
അഹഹ ! നീവാളെടുക്കു, കാണട്ടെ,നീ
അതിസമർത്ഥയല്ലല്ലീ,തടുക്കനീ,—
കുലടയാം നിന്റെ ചോരയാൽവേണമീ –
ക്കുലകളങ്കം കഴുകിക്കളയുവാൻ !
പലരുമൊന്നിച്ചുനില്ക്കും നിലത്തുനീ
നിലമറന്നെന്തുപോന്നതിൻകാരണം—?
പറയൂ, നീയാരെ,യെന്തിനായ്, നിന്റെയീ –
യറയിലെത്തിച്ചതെ,ന്നഭിസാരികേ !

ഇതുവരേയ്ക്കുമഭിമാനപൂർവ്വമാ –
യിവിടെ മിന്നിയവംശം നശിക്കുവാൻ
ഇരുവരീഞങ്ങളം ജീവിച്ചിരിക്കവേ
ഇടവരുത്തുകയില്ലെടീ കശ്മലേ !

കപടവേഷം ധരിച്ചൊരുകള്ളനായ്
കയറിവന്ന ചതിയൻ വിരോധിയെ
തടവിലാക്കുവാൻ സാധിച്ചിടാതെവ –
ന്നിടയിലെത്തിത്തടത്തതെന്തിന്നുനീ ?
പകലിരവുപാലൂട്ടിയ കൈകളിൽ
പകരമെത്തിക്കടിക്കുന്ന സപ്പുമേ !
പകയവർക്കൊരുക്രൂരയായിനിന്നുനീ
സകലവും ഹാ ! തകർത്തു, തകർത്തുനീ; –
കഥയിതന്യരറിവതിന്മുമ്പുനിൻ
കഥകഴിക്കണം—നാളെപ്പുലരിയിൽ
കഴുമരങ്ങളിൽ ഘോരകടിക്കുവാൻ
കഴകനായ നിൻകാമുകൻപോരവേ
നിറയണമവന്നുള്ളമിക്കാഴ്ചയാൽ
നിലമറന്നു നടന്ന പിശാചികേ !
എവിടെയാവാം—കുലത്തിൻ കളങ്കമേ !
വരുവരു—വെട്ടിവീഴ്ത്തട്ടെനിന്നെഞാൻ ! ”

കലിതകോപമക്കാർക്രന്തലാന്നു,തൽ
ഗ്ലളമരിയാൻ കുതിച്ച സഹോദരൻ,
ഝടിതിനിന്നുപോ,യുജ്ജ്വലദീപ്തിയിൽ
വിടരുമോമലിൻകണ്ണുകം കാണവേ, –

സ്ഫുരിതമാത്മചൈതന്യപ്രസാരിതം
ഒരുനവപ്രഭാപൂരിതമാമുഖം—
പരമധ്യുഷ്യമാദർശനം കാണവേ
കരധൃതഖഡ്ഗമൂർന്നുപതിച്ചുപോയ് !

" വരിക, വെട്ടുക, വേഗമെൻജേഷ്ടു ! നിൻ
കരമിതിൽനിന്നുമന്ത്യം വരിക്കുവാൻ
കഴിയുകിൽ മഹാഭാഗ്യമാ,ണങ്ങുതൻ
കഴലിണയിൽ തൊഴുന്ന,നജ്ഞനിഞാൻ !
ഉലകിലെന്നെക്കുറിച്ചുകരയുവാ -
നടയവരുണ്ടൊരുണ്ടുപേർ മാത്രമേ.
അടിയറവച്ചുനിൽപുഞാനീവിധം
അവർ വിധിക്കുംഗതിക്കായി ജീവിതം.
കരുണനേടാത്ത വാഴ്വയെക്കാളുമീ -
മരണമല്ലല്ലികാമ്യം ധരിത്രിയിൽ !

അത്രശരി,പക്ഷെ,ചൊല്ലുമോ നിങ്ങളം,—ഞാ -
നപമതിക്കിരയാകുവാൻ കാരണം —
കുലമതിന്നുപമാനം വളർത്തുവാൻ
നിലമറന്നു ഞാൻ ചെയ്തതെറന്തഹോ !
പറയുമോ നിങ്ങളം—ഇന്നൊരുമന്നനിൽ
പ്രണയമാന്നതോ ഞാൻചെയ്തപാതകം—

ഹൃദയപൂർവ്വകംപ്രേമിച്ചകാന്തനെ
മതിയിൽനിന്നും തുണച്ചതോപാതകം—
അരമനയിലിക്കൊച്ചനജത്തിത –
ന്നരികിൽ നിങ്ങൾവളർത്തിയതോഴനെ
അരചനെന്നും പ്രജയെന്നുമൊന്നുമേ
കരുതിയല്ലഞാൻസ്നേഹിച്ചതുഴിയിൽ

ഇവിടെയിക്കളിമുറ്റത്തിലെൻറെക –
യ്യിണയുമേന്തിക്കളിച്ചവനാണവൻ—
ഇവിടെനിങ്ങൾതൻമുന്നിലിക്കോവിലിൽ
ഹൃദയദീപം കൊളുത്തിയോനാണവൻ—
അതുവിധംദുഷ്ടനെങ്കിലന്നെന്തിനാ—
യരമനയ്ക്കുള്ളിലെത്തിച്ചുമന്നനെ ?
അവനിലേവമനുരാഗമേലുവാ –
നനുവദിച്ചതെന്തെന്നെയിന്നാംവരെ !

പ്രതിനിമിഷമെന്നുള്ളിൽവളർന്നിട്ടും
പ്രണയവൃക്ഷത്തിനന്നനുവേണ്ടപോൽ
വളമരുളിവളർത്തിയ നിങ്ങളോ –
വിധിയെഴുതുന്നതേവം വിചിത്രമായ് –
ഒരുമുഹൂർത്തം പ്രിയനെന്നറച്ചുപി –
ന്നൊരുദിനത്തിൽവെറുക്കുവാനേകനെ—

കരുതുമോ കുലസ്ത്രീകൾ,ഉപപുരുഷൻ
കപടനാകിലും കശ്മലനാകിലും !

നൃപനിലെന്നൊന്നുമാരുമേ കണ്ടിടാ –
ത്തപനയങ്ങളുപകൃഷ്ടവായ്പുകൾ,
നിമിഷനേരത്തിനുള്ളിൽ ജനിച്ചതിൻ
നിലയുമൊട്ടൊറിയുന്നതുണ്ടുഞാൻ.
പദവിനേടുവാൻ—രാജ്യം ഭരിക്കുവാൻ,
പണവുമുഗ്രപ്രതാപവുംകൃട്ടുവാൻ
പടയൊരുക്കുന്ന നിങ്ങൾക്കുവേണ്ടാടനിൽ
പകയൊ,ടായതോ ! ഞാൻചെയ്തപാതകം ?

ശരി,ജയിപ്പുവിൻ—രാജ്യംപിടിക്കുവിൻ,
പരിചരിക്കുവിൻ വംശാഭിവൃദ്ധിയെ –
അരചവേഴ്ചയിലാശിച്ചിടുന്നൊരെൻ
ചരിതമിന്നോടെയസ്തമിപ്പിക്കുവിൻ
പരിഭവമില്ലെനിക്കതിലെങ്കിലും
പറയരുതപരാധിനിയെന്നുഞാൻ.

അറുതിയില്ലാത്തസങ്കടക്കാട്ടിൽഞാ –
നലയുവാൻ വിധികല്പിച്ചതായിടാം.
കെടുതിവംശത്തിനേകിടും പാപിയായ്
നടുവഴിയിൽ പതിച്ചുനശിച്ചിടാം,

തണലുമേതുംശരണവുമേകിടാ-
മണലരണ്യത്തിൽ – ദാഹമോഹാർത്തയായ്
അലയുവാനിടയാകാതെ,നിങ്ങളി-
ന്നരുളുമന്ത്യ,മിതെത്രമനോഹരം !
കുലടയല്ലഞാൻ,വഞ്ചകിയല്ലഞാൻ
കുലവധുവായ് ജനിച്ചുമരിപ്പവൾ ; —
അവധിയില്ലാത്തൊരാത്മസംതൃപ്തിയിൽ
അഭിരമിക്കുമെൻജീവിതംപാവനം !

അതിനുമുമ്പുചെറിയൊരപേക്ഷയു –
ണ്ടതുചെവിക്കൊൾകയില്ലയോ, സോദരാ ?
അമിതവാത്സല്യമെന്നെയിന്നാരംവരെ –
യമൃത മൂട്ടിവളർത്തിയ നിങ്ങളും
ഇവനുപേന്ദ്രന്റെ പത്നിയായ്കാണുവാൻ
ഹൃദയപൂർവ്വംകൊതിച്ചവരല്ലയോ ? –
സഹജയെന്റെ സുഖത്തിനായ്നിങ്ങളി –
ന്നുമരചിന്തകംകൈവിട്ടുമാറുമോ ?
അരചനൊത്തുസഖിതപം കലരുവാൻ
കരുതുമോ—കാൽപിടിച്ചുയാചിപ്പുഞാൻ.
അതുവിധംനിങ്ങൾശാന്തരായ്തീരുവാ –
നനുനിമിഷംകൊതിക്കുന്ന മന്നവൻ

ചതിയനല്ലല്ലവീരമാത്താണ്ഡ,നെൻ
പതിയവന്നുഞാൻ പ്രാണൻപകൻപോയ്.....
പ്രണയരമ്യമാസഖ്യത്തിനെന്നുമേ
പണയമാണെന്റെ ദേഹവും ദേഹിയും !

ഇനിയവനിലുറച്ചോരെൻമാനസം
ഇളകുകില്ലതിൽനിന്നുമെന്നാകയാൽ
അവനെവേറിട്ട വാഴ്വതേക്കാളുമീ –
യവനിയിൽമൃത്യുവാശിച്ചിടുന്നുഞാൻ.
സഹജയോവേണ്ടു,സാമ്രാജ്യവേഴ്ചയോ,
സദയമെന്തെന്നുചിന്തിച്ചുചൊല്ലുവിൻ !

പന്തുണ്ട്

നീലപ്പൂമുകിൽ ചൂട്ടം മലയിതു
നിറയെക്കാട്ടുകളല്ലല്ലീ,
ദൂരെക്കാഴ്ചയിൽ കൗതുകമാന്നതു
ദുഷ്ടമൃഗാകരമല്ലല്ലീ,
പച്ചപ്പുല്ലണിയണിയും നിലമിതു
പാഴ്കിണറാ,ണതിലൊരു ഭാഗം —
പത്തിയൊതുക്കിയിരിപ്പൂ നിന്നെ –
ക്കൊത്തുവതിന്നൊരു കരിനാഗം !
നീ കരുതുംപോൽ നിർമ്മലമല്ലീ –
നീലക്കടലും നിറമുകിലും,
നീകരയുകിലിക്കണ്ണീരൊപ്പാൻ
നീളുകയില്ലൊരു കൈപോലും !

തെറ്റീ നിന്നുടെയാശകൾ സകലം
മുറ്റിപ്പടരും വഞ്ചിതിയാൽ –
അച്യുതി നിന്റെ കുലത്തിനു പോലുമൊ –
രാപത്തായ്, നീ കാരണമായ്—
പുകളും പദവിയുമൊപ്പം നില്പാ –
തുലനം ചെയ്യാലനുരാഗം—
ചലിതജഗത്തിൽ—നിന്നനുരാഗം
ചപലം—വെറുമൊരു വ്യാമോഹം !

അപ്പൊരുവെള്ളമൊഴുക്കിനു നേർക്കീ –
നീപ്പോളയ്ക്കാരു നിലയില്ലാ ,
അവരജകോപമടക്കിയ നിൻ വാ –
ക്കരചനു ചെവിയിൽ വീണില്ലാ –
കരുണാലേശം കലരാതന്നാ –
ഭരണാധീശൻ കല്പിക്കേ,
വേമ്പടിമന്ദിര വസ്തുസമസ്തം
വേണാട്ടരമനമുതൽക്കൂട്ടീ
മാതുലസുതരാം തമ്പികൾംനേട്ടം
'പൈതൃക 'മെല്ലാം മതിയാക്കി
കൊറക്കുടയത്തു ചൂടിവരേണ്ടോർ
കൊറിനുപോലും ഗതിയറ്റു —

യാചകരായി നടപ്പാനല്ലേ,
രാജാവേ ! നീ വിധിയെഴുതീ ! —

ചതിയാണുലകു ഭരിപ്പതു,പക്ഷേ,
സതിനീ കഥയതറിഞ്ഞില്ലാ,
സകലം തെറ്റീ—നിന്നുടെ പൂർവ്വജർ—
പറയാൻ നാവുയരുന്നില്ലാ —

... ...

മലയാളത്തിൻ മണ്ണേ ! നിന്നുടെ
തലയിലെഴുത്തിൻ പിഴകണ്ടു
കഴുകുമരത്തിൽ പിറേറന്നാളിരു
കഥകളൊതുങ്ങിക്കൂടികൊണ്ടു !
വൻചതിയാലേ തമ്പികളുടെയാ
നെഞ്ചുപിളർന്നു കുടിച്ചിട്ടും
ചെഞ്ചോരക്കൊതി മതിയാകാതേ
ചെങ്കോലങ്ങനെ നടകൊണ്ടു—
"വെട്ടിയൊടുക്കുക—കുറിയവുക്കുക
വേമ്പടിവംശം തീരട്ടേ,
അവശേഷിച്ചൊരു കൃഷ്ണൻതമ്പിയു -
മവളുടെ മുമ്പിൽ വീഴട്ടേ— "

... ...

രാജിതകീർത്തി കലന്നൊരയോദ്ധ്യാ
രാജകുലത്തിൻ മണിമുത്തായ്
എങ്ങുപിറന്നവൾ, നീയഭിരാമേ,
എന്തിനുപോന്നീ മലനാട്ടിൽ ?
വേണാട്ടരചൻ വെട്ടിമുറിച്ചതു
വേമ്പടിവംശത്തരുവല്ലാ,
ആകാശത്തിലുയന്നൊരു നിന്നുടെ
ആശാസൌധച്ചുവടല്ലാ—
പ്രാണസമർപ്പണമരുളിയ സതിതൻ
പ്രണയാപേക്ഷത്തികവല്ലാ –
മക്കൾ മരിച്ചതു കണ്ടുതകർന്നൊരു
മാതാവേ ! നിൻ മതിയല്ലാ –
—നെടുനാൾ,പടവാളൂട്ടിവളർത്തിയ
നരപതിമാരുടെ സങ്കല്പം
കടപിഴുതെറിയുകയാണൊക്കെക്കും
കാത്തുവസിക്കുക നാമല്പം !

പതിമൂന്ന്

ആരോ വരുന്നുണ്ടുവേമ്പടിമുറ്റത്തു
തേരോടിയെത്തുന്ന ശബ്ദംശ്രവിപ്പുനാം ;
ആരത് ? വീരമാർത്താണ്ഡനുപേന്ദ്രനോ ?
ആവീട്ടിൽ മന്നവനെന്തിനിപ്പോരുവാൻ ?
ഉറയിലെടുത്ത തന്നുഗ്രമാംവാളിന്നൊ –
രുണകൊട്ടപ്പാനിവിടെശ്ശിരസ്സില്ല !
ഇപ്പുതന്മാതുലപുത്രരാംതമ്പിമാർ ,
ഇല്ലകൃഷ്ണൻതമ്പിയാകുമമ്മാതുലൻ ,
ഇല്ലവാർക്കാ,രവർക്കുള്ളബന്ധുക്കളു ,–
മെല്ലാവരേയും വധിച്ചുകഴിഞ്ഞുനീ !
അമ്മതന്നന്ത്യനിമിഷവും കാത്തുകാ –
ത്തുമ്മിണിത്തങ്കയാൾമാത്രമുണ്ടങ്കതാ ,

അല്പനിമിഷം പൊരുത്താൽമതിയിനി –
യക്കൊച്ചുദീപവുംകെട്ടടങ്ങീടുവാൻ.

അല്ലാ ! വിറയ്ക്കുന്നതെന്തുനിൻകാലുകൾ
വല്ലായ്മയെന്തീമിഴികളിൽ മന്നവാ !
മാളികവാതിലൂടെത്തവേപെട്ടെന്നു –
മാറിയതെന്തുനീ,യെന്തിനീവിഭ്രമം – ?

ആ നില്പുതാണുനിൻചെമ്പക,—മായതി –
നങ്ങേപ്പുറത്തുണ്ടശോക,മിതാനോക്കൂ—
പണ്ടു,നിൻപ്രേമലതികപടരുവാൻ
പന്തലണിയിച്ചതേന്മാവുനില്പൂയാം.

ശുഷ്കമിശ്ശാഖയിൽനിന്നഹാ ! രണ്ടിണ –
പ്രാക്കൾംപറന്നുമറഞ്ഞുപോയ് മുന്നമേ.
പിന്നവയൊന്നുമണഞ്ഞില്ല,വെള്ളില –
ക്കണ്ണീർപൊഴിച്ചിത്രകാത്തുനിന്നീടിലും !
ഇക്കാവിലിന്നുകുയിലുകൾംക്രൂവില്ല,
ഇക്കളിത്തട്ടിൽ ചിലമ്പൊലികേൾംക്കില്ല ,
പൊയ്കയിൽനീന്തുകില്ലന്നങ്ങൾ , പൂന്തെന്നൽ
പോരില്ലപൂപ്പടവാരുവാ,നിങ്ങള്ള –
കല്ലിനുംപുല്ലിനും നിന്നോടുചൊല്ലുവാൻ
കണ്ണീരുറഞ്ഞ കഥകളേകണ്ടിട്ട –

പുഞ്ചിരിപൂണ്ടുവിടർന്മുഖങ്ങളും ,
പൂഞ്ചായൽച്ചുറ്റും പുളകിതാംഗങ്ങളും,
കൊഞ്ചിക്കുഴഞ്ഞകിടാങ്ങളു,മങ്ങിങ്ങു
സഞ്ചരിച്ചീടും സഹൃദയവൃന്ദവും,
തമ്പിമാർതൻകയ്യിൽനിന്നുപലതരം
സംഭാവനകളും പ്രതീക്ഷിച്ചുനിത്യവും
ആൽത്തറച്ചുറ്റും കലാവിരുതന്മാരു , –
മാംതിരക്കും കലന്നാത്തിരമ്പുന്നൊരീ
രാജഭവനമതില്ലൊട്ടിലിന്നൊരു
യാചകനെപ്പോലുമില്ലൊന്നുകാണുവാൻ !

വള്ളിയാറിൻസ്നേഹവാരിതഴപ്പിച്ച
വല്ലികളേ ! വളർന്നുള്ളവൃക്ഷങ്ങളേ !
പച്ചയണിഞ്ഞനെല്പാടങ്ങളേ ! നിങ്ങ –
ളിച്ചതിചെയ്തതാരെന്നൊന്നുചൊല്ലുമോ ?
ഒക്കത്തുനീർക്കുടവുംകൊണ്ടുടനാറു –
വക്കിൽനിന്നുംപോന്നരണ്ടുവധൂടികൾ
കൊടിക്കിതച്ചുമറഞ്ഞുപോയാ,രവ –
രോടിക്കഥകേട്ടറിയായിരുന്നുതേ !
അല്ലെങ്കിലശ്ലോകപര്യവസായിക –
ളെല്ലാം ശ്രവിക്കുവാൻ നില്പൂണ്ടഭീരുവായ്

ധീരനായ് മുന്നോട്ടുപോയാലു,മെങ്ങൊരു
വീരവനിതനിനക്കായി നില്പ്പുയാം.

.....

" ഇനിയുമെന്നോമനത്തങ്കമേ ! നീതനി –
ച്ചിവിടെയിരുൾക്കൂട്ടിൽവാണിടേണ്ട ,
വരു,വരു,വേഗമെൻസ്വർഗ്ഗസുഖംതരു -
മരമനയ്ക്കുള്ളിലൊരപ്സരസ്സായ്..... !
പലകാലംകൊണ്ടുനാം തേടിത്തിരഞ്ഞൊരീ –
പരമാനന്ദത്തിൻെറ നന്ദനത്തിൽ
ഒരുനാളും പിരിയാതെവാണീടാ,മില്ലിവി –
ടൊരുകയ്യുംനമ്മെത്തടഞ്ഞുനിത്താൻ
പടിവാതലിൽപള്ളിപ്പല്ലുക്കുമാ,യെൻെറ
പരിവാരങ്ങളം നിന്നെകാത്തുനില്പ്പൂ ,
പരിചോടെൻറാണിയായ് തങ്കയ്ക്കുഞാൻപട്ടം
പരിവട്ടവുംതന്നുകൊണ്ടുപോകാം.—
ഇനിയും നീയല്ലാതെയില്ലെനിക്കാരുമെൻ –
ഹൃദയസർവ്വസ്വമേ ! പേരികനീ ! "

.....

തെക്കുമുളങ്കാട്ടിൽനിന്നുമൊരുതെന്നൽ
ചെമ്പകക്കൊമ്പുകുലുക്കിക്കടന്നുപോയ് ,

പൂവുംതളിരുമില്ലാത്തൊരക്കൊമ്പിലെ
വാവലിൻക്രൂരനൊപൊട്ടിത്തെറിച്ചുപോയ്,
ആരിതാ,രെന്നുകുതിച്ചുപകച്ചുകൊ –
ണ്ടണ്ണാൻകിടാങ്ങളം ചിലച്ചുവന്നെത്തവേ—
കണ്ടിതു, വീരമാത്താണ്ഡൻ കരുണയുടെ
കൈക്കുമ്പിളംനീട്ടിനില്പുന്നതും, മുന്നിലായ്
നിശ്ചലനേത്രയായ്,നിർവ്വികാരാംഗിയായ്,
നില്പുമവരുടെ നിത്യസഖിയെയും—
മാറെറാലിക്കൊഠംകയായ്മന്നൻെറയാചന –
മാത്രമാരംഗത്തിൽ വീണ്ടുമിതേവിധം :-

" പൊറുക്കാനാവാത്തുള്ളകുറങ്ങളെന്നാകിലും,
മറക്കൂ—നീ,യപ്പോയകാലങ്ങളെല്ലാം സഖീ ! "

അക്കണ്ടൊരേകാന്തഭീകരശാന്തിയൊ –
രുഗ്രമാകും കൊടുങ്കാറിൻെറ നാന്ദിയോ ?
ഞെട്ടിപ്പിറകോട്ടമാറുന്നിതാനൃപൻ!
പൊട്ടിത്തെറിക്കുകയായഗ്നിപർവ്വതം !—

" എന്തിനായ് മുന്നോട്ടടുക്കുന്നുമന്നവ –
നെൻതടിയിൽമോഹമെങ്കിലതേകിടാം.
അക്കരവാളൊന്നയത്തിയിനിവേഗ –
മപ്പിക്കുകെൻകഴുത്തിങ്കലാമാല്യവും !

ഏകഞാൻ ! ഏതുമെതിർക്കില്ല , – കയ്യിലി –
ല്ലേതൊരുവാളു മീഞാനോനിരായുധ !
അന്ധകംപേരെതിത്തിതങ്ങേകനായ്
നിന്നനേരം വന്നുഞാൻതുണനൽകുവാൻ,
ഇന്നെതിർക്കാനിവിടാളി,ല്ലിതുകണ്ടു
കണ്ണീർപൊഴിക്കാനെനിക്കുടയോർകളും !
വേമ്പടിവംശം വിരുന്നൂട്ടിനൽകിയ
വീര്യമക്കൈകളിൽ ശേഷിച്ചതില്ലയോ ,
അഷ്ടഗേഹേശർതൻ കട്ടിക്കട്ടംചോര
വറിയുണങ്ങാത്തവാൾകയ്യിലില്ലയോ ,
വന്മരംവെട്ടിയവാളിന്നൊരുമുല്ല –
വല്ലിക്കുരുന്നുതടസ്സമായ് നില്ക്കുമോ ,
വെട്ടണമങ്ങൻകഴുത്തി,ലച്ചെന്നിണം
പട്ടമഹിഷിക്കുപട്ടായിമാറണം ! ”

ഉടയാടയ്ക്കുള്ളിൽനിന്നക്ഷണം തങ്കമൊ –
രുടവാൾവലിച്ചുപുറത്തെടുത്തു
അരചന്റെ നേക്കുടൻനീട്ടവേ,മന്നവ –
നറിയാതെ ഞെട്ടിപ്പകച്ചുപോയി !—
കരുതാതെയെത്തുംപ്രതീകാരം, ഹാ ! വിധി –
പരിണാമ,മെന്തെ,ന്തിതാർനിനച്ചു ,

ഒരു ദിനംപണ്ടുത,ന്നയിർകാത്തുകൊള്ളുവാൻ
ഉഴറിച്ചുഴന്നതാഖഡ്ഗമത്രേ !

"എന്തിനും പോരുന്ന വീരനല്ലേവോ –
നെന്തിനുസംഭ്രമിക്കുന്നിതെടുക്കുവാൻ
എന്നുമഭിമാനരക്ഷയ്ക്കുഴം ധന –
മൊന്നിതുമാത്രമേ സൂക്ഷിച്ചതുള്ളഞാൻ !
ഏതുകരങ്ങൾ നൽ കല്പകമാല്യമാ , –
യെൻകഴുത്തിങ്കലണിയാൻ കൊതിച്ചുഞാൻ ?
ഏതുകരങ്ങളെനിക്കായി ഭാവിയിൽ
ഭ്രതലസപ്തം പണിയുമെന്നോർത്തുഞാൻ,
എൻകൈപിടിച്ചു നടത്തിയോരക്കരം , –
എന്നെ ഞാനാക്കി വളർത്തിയോരക്കരം,
മന്നിലിവളെ പ്രണയമന്ത്രാക്ഷരം
മണ്ണിലെഴുതിപ്പഠിപ്പിച്ചൊരക്കരം,
അക്കരങ്ങൾതാനെനിക്കിനി ജീവിത –
ദുഃഖപരമ്പരയ്ക്കന്ത്യം കുറിക്കണം ,
അത്രയെന്നാലുമെ,ന്നന്തിമമായിട്ട –
മാഗ്രഹം നൽകുവാനങ്ങു കനിയണം !

ആരോടുമേതും പരിഭവമില്ലാതെ –
യാറടിമണ്ണിലൊതുങ്ങീടുമെൻ ജഡം.

അസന്തോഷപൂർവ്വമെതിരേറ്റു കൊള്ളുവാൻ
ഹാ! കാത്തുനില്പൂയാണെന്നെയെൻ സോദരർ!
പട്ടടയ്ക്കുള്ളിലെ,ന്നെല്ലിൻ കഷണങ്ങളും
പൊട്ടിപ്പൊടിഞ്ഞു പെരുമ്പറ കൊട്ടവേ,
പട്ടമഹിഷിയായ്ത്തീർന്നുഞാൻ മൃത്യുവിൻ
കൊട്ടാരമെത്തിസ്സുഖിച്ചു മയങ്ങിടും.
എൻപ്രാണപഞ്ചകം മണ്ണടിഞ്ഞീടുകിൽ
നിൻപാദവിഷ്ണുങ്ങളെല്ലാമൊഴിഞ്ഞുപോം!

എന്തി,നിയും ഹാ! ചതിക്കയില്ലേ,ഭവാ –
നെന്നിലിനിയുമത്യന്തമാം പ്രേമമോ —
പ്രേമ,മതിന്നായ് നിരസ്സിച്ച നിഷ്ക്കള –
കോമളസ്വപ്നകവാടം തുറക്കുമോ?
എന്നെയതിൽ ധർമ്മദാരങ്ങളാക്കുമോ?
പൊന്നിൽക്കുളിപ്പിച്ചു പൊട്ടിട്ടവയ്ക്കുമോ? —
സ്വപ്നമാണല്ലിയക്കൊട്ടാര,മെന്തൊരു
ഭാഗ്യം — മഹാഭാഗ്യമാണെനിക്കിക്ഷണം,
പോയകഥയൊക്കെ ഞാൻ മറന്നീടണം,
പോരണം—പോന്നകൊട്ടാരത്തിൽ വാഴണം,
അങ്ങു ചതിക്കയി,ല്ലുങ്ങു വധിക്കയി, –
ല്ലാവാക്കു വിശ്വസിച്ചീടണം ഞാനിനി. .....

ഹാ ! ലജ്ജയില്ലേ ഭവാനിതുചൊല്ലുവാ–
നാരുഞാ, നാരുഞാ, നാരെന്നറച്ചുപോയ് — ?

ആണത്തമൊന്നേ മനസ്സാൽ വരിച്ചുഞാൻ
ആത്മവിശ്വാസം വെടിഞ്ഞവരാകിഞാൻ
കാഞ്ചനം കണ്ടെന്റെ കണ്ണുകൾ മങ്ങില്ല
വഞ്ചകക്കെന്മനം വാഴ്മിടമല്ല,
വീരമാത്താണ്ഡനല്ലെൻ പ്രാണവല്ലഭൻ
വീണ്ടുമെൻ ചിത്തം ചതിക്കുവശമല്ല —
നാട്ടുപിടിക്കാൻ പ്രണയം വിലപേശി
നാടകമാട്ടം നശിച്ച സംസ്സാരമേ,
കാമലബ്ധിക്കു കളമൊരുക്കീടുവാൻ
" പ്രേമ " വും കൊണ്ടു നടക്കും പ്രേതക്കളേ !
ആ വാക്കുരയ്ക്കുവാൻ ധൈര്യപ്പെട്ടുന്നൊരീ
നാവിന്നു മുമ്പിൽ നമോവാകമോതിടാം.

എന്നോടനുരാഗമുണ്ടെന്നു ഭാവിച്ചു
മണ്ണിന്റെ കണ്ണുമറയ്ക്കുന്ന മന്നവാ ,
ഇന്നുഞാ നേടിയോരീ രാജവാഴ്ചയ –
ങ്ങെ,ന്നേതുമട്ടിൽ, ലഭിച്ചതെന്നോർക്കുമോ ?
എത്ര മുഹൂർത്തങ്ങളുങ്ങയെക്കൊല്ലുവാ –
നെത്തിയെൻ ജേഷ്ഠർ തനുന്നി,ലന്നൊക്കെയും

മൃത്യുവെപ്പോലും പരിഗണിക്കാതെ വ –
ന്നെത്തിഞാനങ്ങയെ രക്ഷിച്ചുകൊള്ളുവാൻ ; —
ക്രൂരാമെന്നെറ സഹജരിലന്നന്നു
കത്തിജ്ജ്വലിച്ച സമരാഗ്നിയെസ്സയം
എൻശാന്തവാക്കു ശമിപ്പിച്ചിടായ്കിലെ –
ന്നെന്തായിരിക്കും ലഭിക്കുമനുഭവം ?
ആജീവദാനത്തിനെന്നുപകരമീ
രാജാവു–ഞാൻ വിശ്വസിച്ചോരു കാമുകൻ –
ഏകി,യെനിക്കെന്നെറ വംശവിനാശനം –
എൻപ്രേമമാണിവയ്ക്കേകമാം കാരണം !
എന്നെയങ്ങീരാജ്യലബ്ധിക്കൊരായുധ –
മെന്നു കല്പിച്ചു ചതിച്ചിതെന്നാകിലും
അന്ത്യനിമിഷവുമിപ്രേമനാടകം
ഹന്തഃപരിശ്രമമെന്നു ചിന്തിച്ചു ഞാൻ ..... !

എത്രയുമന്നാരെയങ്ങുതൻ മുന്നിലേ –
ക്കെത്തിച്ചുതാണുകരഞ്ഞുയാചിച്ചുഞാൻ ;
എൻസഹജാതർതൻപ്രാണഭിക്ഷയ്ക്കു ഞാ–
നെന്തെന്തുമട്ടിൽ പരിശ്രമിച്ചീടിനേൻ—

എൻകണ്ണിലച്ചുടുചോരയൊഴുകുമ്പോ—
ഴെൻകരളിൽ കരവാൾകടക്കുമ്പൊഴും

ഓരോനിമിഷവുമോർത്തു ഭവാനെ ഞാൻ
പോരാതിരിക്കുകില്ലെങ്ങുമറച്ചുഞാൻ,
അങ്ങുതൻപ്രേമമവലംബമാക്കിഞാ-
നങ്ങേയൊരുനോക്കുകാണാൻ കൊതിച്ചു ഞാൻ —

വഞ്ചകന്മാരുടെ പിന്നിൽ മറഞ്ഞെന്റെ
വംശനാശത്തിൻകളമൊരുക്കും ഭവാൻ
വന്നതില്ലെൻവിളികേട്ടില്ല-കേഴമെൻ
കണ്ണീർതുടയ്ക്കാൻ കരങ്ങളയത്തീല —

അങ്ങുതുകണ്ടിട്ടു കാണാത്തഭാവത്തി-
ലന്നെന്നെയുമെൻപ്രതീക്ഷകളും സർവ്വും
നിഷ്ഫലമാക്കിച്ചതിച്ചു,നിഷ്ഠനിച്ചു
നിർദ്ദയമെന്റെ സഹോദരന്മാരെയും!
—എന്നിട്ടുമെന്തൊരുധൈര്യമിന്നെന്മുന്നിൽ
'മന്നന്റെമന്നൻ' പ്രണയപ്രസംഗമോ ?

ആക്കും യഥേഷ്ടംപകരുവാനായിട്ടു-
മാ മന്നവപ്രേമമെന്തെന്നറിവു ഞാൻ—
ഏകപതീവ്രതന്മാരാംസ്വപരുടെ
കാകനേത്രത്തിലകപ്പെട്ടുപോകയാൽ

എത്രകുലസ്ത്രീക,ളെത്രയോറാണിക-
ളെത്രവിദേശീയ,രെത്രവിജാതീയർ -
'മന്നവപ്രേമം' മലത്തിയ കൈകളി -
ലന്നന്ന വെണ്ണീറടിഞ്ഞു നശിച്ചുപോയ് !
ആയവക്കൊക്കെ നിദർശനമായെന്റെ -
തായ,യയ്യയ്യോ, സഹിക്കുവാൻ വയ്യമേ,
നോക്കുക, നോക്കുകീമഞ്ചത്തിൽ, നിങ്ങൾതൻ
നേക്കൊരു ചോദ്യമാ—യങ്ങിതോത്തീലയോ ,
പാരിൽ പുകൾപെട്ടം കോസലവംശത്തിൽ
പാവനമായിജ്ജനിച്ചോരു ജീവിതം , —
ആരും കൊതിക്കുമഭിരാമരൂപയാ -
യാരോമലായിവികസിച്ചജീവിതം , —
ഹാ ! നിങ്ങൾതൻവംശവിശ്വാസവഞ്ചന -
യാകെത്തകർത്തു തരംകെട്ട ജീവിതം , —
—ഓമനയായി വളർത്തതന്മക്കളെ -
യോരോന്നുമങ്ങനെ നീ വെട്ടിവീഴ്ത്തവേ ,
സന്തപ്തഹൃദയനിണംചോന്നുചോന്നു,ത -
ന്നന്ത്യനിമിഷങ്ങളെണ്ണിയെണ്ണിക്ഷണം ,
ആക്കും വെറുപ്പുമറപ്പും ജനിപ്പിക്കു -
മസ്ഥികങ്കാളകളേബരയായിതാ,—

ആരിക്കിടക്കുന്ന മഞ്ചത്തിൽ—ഈ രൂപ –
മാരെന്നറിയുമോ,—വേണാട്ടു മന്നവാ!

ആ രാമവമ്മന്റെ ധർമ്മഭാരങ്ങളോ,
വീരമാർത്താണ്ഡന്റെ മാതുലപത്നിയോ,
ആരും പുകഴ്ത്തുമസ്സൗന്ദര്യകീർത്തിയോ,
ക്രൂരംകനിവുമുടലാന്ന ലക്ഷ്മിയോ,
ക്രൂരുകാർപോറും കുലത്തിൻപ്രദീപമോ,
ആറുനോറെറെന്നെ പ്രസവിച്ചോരമ്മയോ,
രണ്ടു മഹാരഥന്മാരെ പ്രസവിച്ചു
രാജ്യത്തിനേകിയ വീരവനിതയോ,
ഇന്നാകുവരെയുള്ള,മീനാടിന്റെജീവനായ്
നിന്ന മഹാറാണിയോ,—നോക്കുക,ല്ലിവർ;—
അൻപാന്ന നിന്നെ മടിയിലെടുത്തുവ, –
ച്ചന്നം പകന്ന വളർത്തിയോളാണിവർ,
പാരിൽനീ കാൽതെറ്റി വീഴാതിരിക്കുവാൻ
പ്രാണൻ പകന്ന വളർത്തിയോളാണിവർ,
പെറ്റമക്കൾപിഴചെയ്ത ശിക്ഷിക്കിലും
ചെറുംകയക്കാതെ നിന്നെലാളിച്ചവർ,
നിന്നെയൊരുനോക്കു കാണാതിരിക്കുകി –
ലന്നുജലപാനമാശിച്ചിടാത്തവർ;

നീതിവെടിഞ്ഞുനൃപൻ സത്യലംഘിയായ്
നിന്നനേരത്തും നിനക്കായ്പൊരുത്തവൻ,
നീയധിരാജനായ്കാണാൻ കൊതിച്ചവൻ,
നീമകൻതൻപ്രിയനാകാൻ വിധിച്ചവൻ,
നിന്നെവളർത്തിത്തളർന്ന,വളെ,ന്നമ്മ –
തന്നെയല്ലല്ലീ തകർന്നോരിപ്പൂവുടൽ —

ആയമ്മ—നിന്നെയൊരുനോക്കുകാണുവാ –
നാശിച്ചുരുതരച്ചൊല്ലിവിട്ടപ്പൊഴും
ഒന്നുതിരിഞ്ഞുനോക്കീടാൻ നിനയ്ക്കാത്ത
നന്ദിയില്ലായ്മേ ! നിനക്കെന്തുപേരിടാൻ ?

അല്ലെങ്കി,ലെന്തിന്നിവണ്ണം പഴിക്കുന്നി –
തല്ലാതെയങ്ങയിൽനിന്നെന്തുനേടുവാൻ ?
സമ്പത്തുമോഹിച്ചു,സാമ്രാജ്യമാശിച്ചു,
തൻബന്ധുവർഗ്ഗം സകലംതകർക്കുവാൻ, –
അമ്മയെ—പ്പെങ്ങളെ–ത്തന്നയൽക്കാരെയു –
മന്യായമായിക്കുരുതിക്കുഴിയുവാൻ,
അച്ഛടുചോരയാൽ ചായംപിടിപ്പിച്ച
സിംഹാസനത്തിൽ ഞെളിഞ്ഞിരുന്നീടുവാൻ
ആശിച്ചപോലെതേർവാഴ്ചയാന്നാലു,മി –
ങ്ങാരുമങ്ങേയ്ക്കുതിർ നില്ക്കുവാനില്ലഹോ !—

പക്ഷേ, ഭവാനൊന്നുതെറ്റി, യാവാഴ്ചയിൽ
പക്ഷമെനിക്കേറുമെന്നു നിനച്ചുപോയ് !
വംശംനശിപ്പിച്ച വൈരിയെസ്നേഹിച്ച
വഞ്ചകിയാകുമിവളെന്നുമോർത്തുപോയ്
ഏതുഗുപാപവും കാഞ്ചനപ്പൂച്ചുകൊ—
ണ്ടെന്നും മറച്ചിടാമെന്നും മദിച്ചുപോയ്—
ആയിടാം, അങ്ങൊരു രാജനല്ലേ, മഹാ –
രാജ,—നീ രാജ്യത്തു ദൃശ്യമാം ദൈവതം !
ആ വാളിളക്കിയാ,ലങ്ങൊന്നു മൂളിയാൽ
ആകവേ നീതികളങ്ങേവശംവദം—
നാളെച്ചരിത്രകാരന്മാർ ഭവാനായി
നാനാകഥകളെഴുതി വർണ്ണിച്ചിടും,
നാളത്തെ രേഖകൾ, തുലികത്തുമ്പല്ല –
വാളുകൊണ്ടാണുരേഖപ്പെടുത്തുന്നതും,
പെറ്റമാതാവിനെപ്പോലും ചതിക്കുവാൻ
ചെറ്റും മടിക്കാച്ചതിയരുമങ്ങുമായ്
എല്ലാമിഴികളും മൂടുമീലോകത്തി; –
ലെന്നാലുമൊന്നു മറയ്ക്കുവാനാകുമോ ?—
അക്കണ്ണു, —സർവ്വവുംകാണുമക്കണ്ണു,—നിൻ
ദുഷ്കൃതിക്കൊക്കെയും സാക്ഷിയാം കണ്ണുകൾ ,

അസ്സാക്ഷി—ദൈവമനസ്സാക്ഷിയായിട്ട –
മക്കചെന്നുമാരുസാക്ഷിയായ്, ഹേ ! നൃപാ!

സത്യമൊന്നുണ്ടെങ്കിൽ, –
ധർമ്മമൊന്നുണ്ടെങ്കിൽ—
ശക്തയാണെങ്കിൽ ഞാൻ പ്രാർത്ഥിച്ച ഭൈരവി ,
വഞ്ചിതിതന്നിൽ പട്ടത്തൊരു നിൻവംശം
വഞ്ചിയിൽ നീണാൾ നിലനിന്നിടാതെപോം !

... ...

എന്തു്—ഞാൻ ചൊന്നതെന്തു് ? എൻ –
നാവിൽ നിന്നൊരു
സന്തതി ശാപമോ,—ഞാൻ ഭ്രാന്തിയാകയോ,—
ഭ്രാന്തി ! —ശരിയൊരു ഭ്രാന്തിഞാൻ,—
യക്ഷി ഞാൻ,—
സന്തവംശച്ചോര ചീന്തിക്കുടിച്ചവർ—
ഈ വാക്കരച്ചൊരെൻ നാവറു വീഴട്ടെ !
ഹേ ! വീരമാർത്താണ്ഡ ! നിന്മുന്നിലിക്ഷണം,
നാവുപിഴുതിശ്ശിലയിലെറിഞ്ഞെന്റെ
ജീവൻ പിരിയുന്നു, പോകുന്നു, ഞാനിതാ—

... ...

... ...

അങ്കിതമാക്കീല തങ്കലിപികളാ –
മങ്കുതൻ ശോകചരിത്രമെന്നാൽ—
അക്കഥലേശം മറക്കുവാൻ മണ്ണിന്റെ
മക്കൾക്കശേഷം കഴിഞ്ഞതില്ലാ—
നാവുപിഴുതൊരു രക്തയക്ഷീരൂപം
നാമിന്നും വേളിമലയ്ക്കരികിൽ
കാണുന്നു,ണ്ടായിരം പഞ്ചമങ്കാട്ടിന്റെ
കാവ്യകഥയ്ക്കു മൂതലുക്കുട്ടി
അച്ചിതലിന്റെ മുതലുകൾക്കൊക്കെയു –
മക്പ്രകാശം ലഭിക്കുമെങ്കിൽ.....!

3148

വില - 1/50

Р.Н. Ранео.
Исследование равновесия биологических систем. Изд. 2-е, испр. и доп. М., «Наука», 1978.
Серия «Проблемы биологической физики».
Библиография: с. 000—000 (000 назв.).
000 к.

Абонемент № 3148
ХХХ Библиотека

"ചെങ്കോലും ചെന്താമരയും"
തിരുനയിനാർ കുറിച്ചി.

വില - 1-50.

3148

This story was very true & lovely